www.facebook.com/samakalikajanapadham/


# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 8 ലക്കം 10

2022 മെയ് 1 ₹ 12


## കേരളത്തിന്റെ കുടുംബശ്രീ




**SPECIAL PULLOUT BOOKLET**




വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്

ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...

0471-2517036
iocirculation@gmail.com

കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമയയ്ക്കാം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**
**വര: പ്രകാശ് വി. എസ്**

May 1, 2022, Volume 8, Issue 10
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

# സമകാലിക ജനപഥം

2022 മെയ് 1
പുസ്തകം 8 ലക്കം 10




## കേരളത്തിന്റെ മുഖശ്രീ


കുടുംബശ്രീ, കേരളത്തിലെ സ്ത്രീകൂട്ടായ്മയുടെ മഹാപ്രസ്ഥാനം കാൽനൂറ്റാണ്ടിന്റെ നിറവിലേക്ക് കടക്കുകയാണ്. മൂന്ന് ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളും 45.85 ലക്ഷം സ്ത്രീകൾ അംഗങ്ങളുമായ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഈ വനിതാ സംഘശക്തി ഇക്കാലയളവിനുള്ളിൽ കേരളീയ ജീവിതത്തിന്റെ നാനാമേഖലകളിൽ സജീവസാന്നിധ്യമറിയിച്ചിട്ടുണ്ട്. അതിനെ ഹരിതാഭമാക്കുന്ന വേർപ്പടർച്ച പുതിയ പുതിയ ചുമതലകളിലൂടെ തുടരുകയുമാണ്.

ദാരിദ്ര്യനിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് 1998 മേയ് 17നാണ് കുടുംബശ്രീയുടെ തുടക്കം. സാമ്പത്തികവും സാമൂഹികവുമായ മേൽനില പുരുഷനിൽ തന്നെ മിക്കവാറും തുടരുന്ന വ്യവസ്ഥിതിയിൽ സ്ത്രീശാക്തീകരണം എന്ന ലക്ഷ്യപ്രാപ്തി അത്ര സുഗമമല്ലെന്ന് നമുക്ക് അറിയാം. എന്നാൽ പലവിധ വെല്ലുവിളികളെയും നേരിട്ട് ഈ ലക്ഷ്യത്തിൽ അഭിമാനാർഹമായ മുന്നേറ്റം കൈവരിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞത്, ലോകത്തിന്റെ തന്നെ ശ്രദ്ധ നേടിയിട്ടുണ്ട്. സാമ്പത്തിക സ്വാശ്രയത്വം നേടാൻ പ്രാപ്തരാക്കുന്നതിനൊപ്പം സാമൂഹിക ശാക്തീകരണത്തിനും അത് സ്ത്രീകൾക്ക് പിന്തുണ ഉറപ്പാക്കി. ലിംഗപദവിയിലെ തുല്യത എന്ന ആശയത്തിൽകൂടി ഊന്നി സ്ത്രീയുടെ വ്യക്തിത്വത്തിന്റെ സമഗ്രവികാസം ലക്ഷ്യമിടുന്ന ഒട്ടേറെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. സാമൂഹിക സുരക്ഷാരംഗത്തും നാം പ്രതീക്ഷയോടെ കാണുന്ന കൂട്ടായ്മയാണത്. കോവിഡ് മഹാമാരിയുടെ നാളുകളിൽ കുടുംബശ്രീ അടുക്കളകൾ നാടിന്റെ വിശപ്പകറ്റി മനം നിറച്ചു.

മാറുന്ന കാലത്തിനൊപ്പം എപ്പോഴും നടക്കാൻ ശ്രമിക്കുന്ന കുടുംബശ്രീ കാൽനൂറ്റാണ്ടിന്റെ പ്രവർത്തനാനുഭവങ്ങൾ കൂടി ഉൾക്കൊണ്ട് ഈ രജതജൂബിലി വർഷത്തിൽ വളർച്ചയുടെ പുതിയ പടവുകളിലേക്ക് കടക്കാനൊരുങ്ങുകയാണ്. ഈ ആഹ്ലാദവേളയിൽ കുടുംബശ്രീയുടെ മുന്നേറ്റമാണ് ജനപഥം കവർ സ്റ്റോറി. ഒപ്പം കുടുംബശ്രീയുടെ സംരംഭങ്ങൾ, വായ്പകൾ, സേവനങ്ങൾ എന്നിവയെപ്പറ്റി അറിയാനുതകുന്ന പ്രത്യേക കൈപ്പുസ്തകവും ഉൾപ്പെടുത്തിയിട്ടുണ്ട്. ■

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ


സമകാലിക
ജനപഥം
കേരളത്തിന്റെ
കുടുംബശ്രീ
SPECIAL
PULLOUT
BOOKLET


സമകാലിക
ജനപഥം
PULLOUT
BOOKLET
സ്പെഷ്യൽ
15-38

06 കേരളം പുതിയ വികസന മേഖലകളിലേക്ക്
പിണറായി വിജയൻ
മുഖ്യമന്ത്രി

11 പെൺജീവിതം മാറ്റിമറിച്ച കാൽ നൂറ്റാണ്ട്
എം. വി. ഗോവിന്ദൻ മാസ്റ്റർ

39 അഭിമാനദീപ്തം 25 വർഷം
പി. ഐ. ശ്രീവിദ്യ ഐ.എ.എസ്

43 തുടർച്ചയാകേണ്ട നവീകരണം
എസ്. ഹരികിഷോർ ഐ.എ.എസ്

46 മുടങ്ങാതെ ക്ഷേമപെൻഷനുകൾ അനന്യമായ മാതൃക
കെ.എൻ. ബാലഗോപാൽ

48 ഒഴുകട്ടെ നദികൾ തെളിനീരുമായ്
കെ.ടി. ബാലഭാസ്കരൻ

# കേരളം പുതിയ വികസന മേഖലകളിലേക്ക്

**പിണറായി വിജയൻ**
മുഖ്യമന്ത്രി

വർധിതമായ ആത്മവിശ്വാസത്തോടെ സർക്കാർ രണ്ടാം വർഷത്തിലേക്ക് കടക്കുകയാണ്. ഏറ്റെടുത്ത ഉത്തരവാദിത്തങ്ങൾ പ്രതികൂലാവസ്ഥയിലും പ്രതിജ്ഞാബദ്ധതയോടെ നടപ്പാക്കിക്കൊണ്ടാണ് സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്നത്. സർവ്വതല സ്പർശിയും സാമൂഹ്യ നീതിയിലധിഷ്ഠിതവുമായ വികസനം യാഥാർത്ഥ്യമാക്കാൻ ഉതകുന്ന ഇടപെടലുകളുമായാണ് സർക്കാർ മുന്നേറുന്നത്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനം ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും നിരവധി നേട്ടങ്ങൾക്ക് അർഹമാകുന്നുണ്ട്.

സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകും വിധം ഉൽപ്പാദന മേഖലകളിൽ ഉണർവുണ്ടാക്കാനും സേവന മേഖലകളെ ആധുനികവൽക്കരിക്കാനും വിജ്ഞാനാധിഷ്ഠിത സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാനുമുള്ള പരിശ്രമമാണ് നടത്തുന്നത്. ആ നിലയ്ക്ക് വ്യതിരിക്തമായ വ്യക്തിത്വമുള്ള സർക്കാരിന്റെ ഒന്നാം വാർഷികമാണ് കടന്നുപോകുന്നത്. ജനകീയവും വികസനോന്മുഖവുമായ കർമ്മ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിലെ കാര്യക്ഷമതയ്ക്കുള്ള അംഗീകാരം കൂടിയാണ് സർക്കാരിന്റെ ഭരണത്തുടർച്ച.

50 ഇനങ്ങളിലായി 900 വാഗ്ദാനങ്ങളാണു തെരഞ്ഞെടുപ്പു പ്രകടന പത്രികയിൽ മുന്നോട്ടുവെച്ചിരുന്നത്. അതിൽ 765 ഓളം ഇനങ്ങളിൽ നടപടികൾ വിവിധ ഘട്ടങ്ങളിൽ എത്തിക്കാൻ ആദ്യവർഷം തന്നെ സാധിച്ചു. അതിന്റെ വിശദ വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു വർഷത്തെ പ്രോഗ്രസ് റിപ്പോർട്ടും ജനസമക്ഷം അവതരിപ്പിക്കുന്നുണ്ട്. കൃഷിക്കാരുടെ വരുമാനം 50 ശതമാനം വർധിപ്പിക്കാനും പൊതുമേഖലയെയും പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കാനും വ്യവസായ മേഖലയിൽ ചുരുങ്ങിയത് 10,000 കോടി രൂപയുടെ എങ്കിലും സ്വകാര്യ നിക്ഷേപം ആകർഷിക്കാനും കേരളത്തെ ഇലക്ട്രോണിക് ഫാർമസ്യൂട്ടിക്കൽ ഹബ്ബാക്കി വളർത്താനും ഭക്ഷ്യ സംസ്കരണം ഉൾപ്പെടെയുള്ള മൂല്യവർധിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും ടൂറിസം വിപണി ഇരട്ടിയാക്കാനും സഹായകമായ പദ്ധതികളാണ് നടപ്പാക്കുന്നത്.

കൊച്ചി-പാലക്കാട്, കൊച്ചി- മംഗലാപുരം വ്യവസായ ഇടനാഴികൾ, തിരുവനന്തപുരം ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്പ്മെന്റ് പദ്ധതി, സിൽവർ ലൈൻ എന്നീ നാലു സുപ്രധാന പശ്ചാത്തല സൗകര്യ പദ്ധതികൾ ഈ അഞ്ചു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ഇടപെടലുകളാണ് നടത്തുന്നത്. ദേശീയപാതാ വികസനം, മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപാത, തെക്കുവടക്ക് ദേശീയ ജലപാത എന്നിവ പൂർത്തീകരിക്കും. വൈദ്യുതി ക്ഷാമം ഇല്ലാത്ത നാടാക്കി കേരളത്തെ മാറ്റാൻ 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കും.

പൂർണമായ ദാരിദ്ര്യനിർമ്മാർജ്ജനം പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. വയോജനക്ഷേമം ഉറപ്പുവരുത്താനും സാധാരണ കുട്ടികൾക്കു ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഭിന്നശേഷിക്കാരായ കുട്ടികൾക്കും ലഭ്യമാക്കാനുമുള്ള പരിശ്രമങ്ങളും മുന്നേറുന്നു. 'കാരുണ്യ' പദ്ധതിയിലൂടെ 20 ലക്ഷം കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വരെയുള്ള കിടത്തിച്ചികിത്സ സൗജന്യമായി നൽകുകയും ബാക്കിയുള്ളവർക്ക് രണ്ടു ലക്ഷം രൂപ വരെയുള്ള ചികിത്സ ഉറപ്പാക്കുക, ഏകോപിത പ്രവാസി തൊഴിൽ പദ്ധതി പ്രാവർത്തികമാക്കുക, വിശപ്പുരഹിത കേരളം പരിപൂർണ്ണ യാഥാർത്ഥ്യമാക്കുക, സാമൂഹ്യ പെൻഷനുകൾ ഘട്ടംഘട്ടമായി ഉയർത്തുക, എല്ലാവർക്കും ഭൂമിയും വീടും കുടിവെള്ളവും ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ചെയ്ത് സാമൂഹ്യ ക്ഷേമ നടപടികളിൽ കേരള മാതൃകയെ ഉത്തരോത്തരം



50 ഇനങ്ങളിലായി
900 വാഗ്ദാനങ്ങളാണു
തെരഞ്ഞെടുപ്പു
പ്രകടന പത്രികയിൽ
മുന്നോട്ടുവെച്ചിരുന്നത്.
അതിൽ 765 ഓളം
ഇനങ്ങളിൽ നടപടികൾ
വിവിധ ഘട്ടങ്ങളിൽ
എത്തിക്കാൻ ആദ്യവർഷം
തന്നെ സാധിച്ചു.
അതിന്റെ വിശദ
വിവരങ്ങൾ
ഉൾക്കൊള്ളുന്ന
പ്രോഗ്രസ് റിപ്പോർട്ടും
ജനസമക്ഷം
അവതരിപ്പിക്കുന്നുണ്ട്




ഉയർത്താനാണുദ്ദേശിക്കുന്നത്.

സഹകരണ പ്രസ്ഥാനങ്ങളെ സംരക്ഷിച്ച് കൃഷിക്കാർക്കും സംരംഭകർക്കും വ്യാപാരികൾക്കുമെല്ലാം ഉദാരമായ വായ്പകൾ കേരളാ ബാങ്കിലൂടെ ലഭ്യമാക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പണവും അധികാരവും ഉദ്യോഗസ്ഥരെയും നൽകി അധികാര വികേന്ദ്രീകരണം ശക്തമാക്കും. എല്ലാ പഞ്ചായത്തിലും പൊതുകളിക്കളം ഒരുക്കി പുതിയ കായിക സംസ്കാരം വളർത്താൻ ആവശ്യമായ പദ്ധതികൾ കൂടുതൽ ഊർജ്ജസ്വലമാക്കും. സ്കൂൾ വിദ്യാഭ്യാസത്തിൽ നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിൽ കൈവരിക്കുക എന്നത് അടിയന്തര ലക്ഷ്യമാണ്. പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തി വികസനവും ക്ഷേമവും സമന്വയിപ്പിക്കുന്ന പുതിയ വഴികൾ തുറക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. അതിനു സഹായകമാകുന്ന വിധത്തിൽ സദ്ഭരണവും അഴിമതി നിർമ്മാർജനവും ശക്തിപ്പെടുത്തും.

കേരള വികസനത്തിൽ അന്തർലീനമായ ചില ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനും കാലത്തിന് അനുയോജ്യമായ പുതിയ മേഖലകളിലേക്ക് നാടിനെ നയിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. 40 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം നേടുന്നതിന് നൈപുണ്യ പരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവയ്ക്കു ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിപാടികളുമായാണ് മുന്നോട്ടു പോകുന്നത്.

ഐ ടി, ബി ടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും ടൂറിസം പോലുള്ള സേവന മേഖലകളുമാണ് നമ്മുടെ നാടിനനുയോജ്യമെന്ന് വിലയിരുത്തപ്പെടുന്നത്. കമ്പ്യൂട്ടർ, വൈദ്യുത വാഹനം എന്നിവയുടെ നിർമ്മാണം പോലുള്ള വ്യവസായങ്ങൾക്കും കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള നമ്മുടെ തനതു വിഭവങ്ങളുടെ മൂല്യവർധിത വ്യവസായങ്ങൾക്കും വലിയ സാധ്യതകളുണ്ട്. ഈ മേഖലകളിലാകെ സക്രിയമായി ഇടപെട്ട് കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ വിജ്ഞാന സമ്പദ്ഘടനയായി പുതുക്കിപ്പണിയുന്നതിനുള്ള പരിപാടിയുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അടുത്ത 25 വർഷം കൊണ്ട് കേരളത്തിലെ ജീവിതനിലവാരം വികസിത രാഷ്ട്രങ്ങൾക്കു സമാനമായി ഉയർത്തുക എന്നതാണ് ലക്ഷ്യം.

അതിനൊപ്പം ഭാവി തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കാനാകണം. അതിനായി കേരളത്തെ വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട മേഖലകളെ ഉൾപ്പെടുത്തി പ്രത്യേക നൂറുദിന കർമ്മപരിപാടി ആവിഷ്കരിക്കാനും കഴിഞ്ഞു. രണ്ട് നൂറുദിന കർമ്മപരിപാടിയാണ് കഴിഞ്ഞ




ഒരുവർഷത്തിനിടയിൽ സംസ്ഥാനത്ത് പൂർത്തിയാക്കിയത്.

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ സംസ്ഥാനത്ത് ഇതിനോടകം 2,95,000 വീടുകൾ ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അത് ഉടൻ മൂന്ന് ലക്ഷമായി ഉയർത്താനാവും. 2017 മുതൽ 2021 മാർച്ച് 31 വരെ ലൈഫ് പദ്ധതി പ്രകാരം 2,62,131 വീടുകളും തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 32,875 വീടുകളും ഉൾപ്പെടെയാണ് 2,95,006 വീടുകളുടെ നിർമ്മാണം ആറ് വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞത്.

പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 1003 വീടുകളും 276 ഫ്ളാറ്റുകളും കൈമാറി. 114 ഫ്ളാറ്റുകളുടെ പണിപൂർത്തിയായിട്ടുണ്ട്. ഇത് ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് കൈമാറും. കൂടാതെ 784 ഫ്ളാറ്റുകളുടെയും 1121 വീടുകളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്.

ഭൂരഹിതർക്ക് 15,000 പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം കവിഞ്ഞ് 33,530 പട്ടയങ്ങൾ വിതരണം ചെയ്തു. ഈ വർഷം ആകെ 47,030 പട്ടയങ്ങളാണ് വിതരണം ചെയ്തത്. ഉടൻ വിതരണം ചെയ്യാനായി 3,570 പട്ടയങ്ങൾ സജ്ജമാണ്.

കെഫോൺ പദ്ധതിയുടെ കണക്ഷൻ 20,750 ഓഫീസുകൾക്ക് നൽകി. പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ (കേബിളുകൾ വലിക്കുന്നതും, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്റർ, പോയന്റ്സ് ഓഫ് പ്രസൻസസ്, എൻഡ് ഓഫീസ് ഇൻസ്റ്റലേഷൻ ഒരുക്കൽ) പുരോഗമിച്ചു വരുന്നു.

140 നിയമസഭാ മണ്ഡലങ്ങളിലായി ഒരോ മണ്ഡലത്തിലും ബിപിഎൽ വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14,000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്ന 1600 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ലഭ്യമായ വിവരമനുസരിച്ച് 3,95,338 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021 മെയ് 21 മുതൽ 2022 ഏപ്രിൽ 30 വരെ ആകെ 22,345 പേരെ പി.എസ്. സി. വഴി നിയമന ശുപാർശ ചെയ്തു. കഴിഞ്ഞ സർക്കാർ 1,61,361 പേർക്കാണ് നിയമന ശുപാർശ നൽകിയത്. കഴിഞ്ഞ ആറ് വർഷത്തെ മൊത്തം നിയമന ശുപാർശ 1,83,706 ആണ്.

ഭരണ നിർവ്വഹണ രംഗത്തെ സുപ്രധാന ആവശ്യവും ആഗ്രഹവുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ എ എസ്) ഈ കാലയളവിൽ യാഥാർഥ്യമായി. നൂറ്റിയഞ്ചു പേർക്ക് നിയമനം നൽകുകയും അവരുടെ ട്രെയിനിങ് ആരംഭിക്കുകയും ചെയ്തു. കേരള നോളജ് ഇക്കണോമി മിഷൻ ആരംഭിച്ചു. സജ്ജമാക്കിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഇതുവരെ 3,14,588

തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോവിഡ് കാലയളവിൽ സംസ്ഥാനത്തെ മൂന്ന് ഐ.ടി പാർക്കുകളിലുമായി 10,400 പുതിയ തൊഴിലവസരങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 181 പുതിയ കമ്പനികളും (ടെക്നോപാർക്ക് 41, ഇൻഫോപാർക്ക് 100, സൈബർപാർക്ക് 40) പ്രവർത്തന മാരംഭിച്ചു. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി ആകെ 29 ലക്ഷം ചതുരശ്ര അടി സ്ഥല സൗകര്യങ്ങൾ നിർമ്മിതിയിലാണ്. മൂല്യവർധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. കേന്ദ്രം വിൽപ്പനയ്ക്ക് വെച്ച വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കേരളം ലേലത്തിൽ വാങ്ങി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ) ആയി പുനഃരുദ്ധരിച്ചു.

പാലക്കാട് നിർമ്മിക്കുന്ന സംയോജിത റൈസ് ടെക്നോളജി പാർക്കിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചു. ചേർത്തല ഫുഡ്പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 12.5 കോടി മുതൽ മുടക്കിൽ സ്പൈസസ് പാർക്കിന്റെ ആദ്യ ഘട്ടം ഇടുക്കി ജില്ലയിലെ മുട്ടത്ത് പുരോഗമിക്കുന്നു. ടൂറിസം മേഖലയിൽ ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 2021ൽ 2020നെ അപേക്ഷിച്ചു 51% വർധനവ് രേഖപ്പെടുത്തി ക്കഴിഞ്ഞു. വിദേശ വിനോദ സഞ്ചാരികളുടെ വരവും ക്രമാനുഗതമായി വർധിക്കുന്നുണ്ട്.

981 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1186 ജനകീയ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. ശേഷിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരുടെ എണ്ണം 13.14 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി ഉയർത്തുമെന്നും ശരാശരി പ്രവൃത്തി ദിനങ്ങൾ 50.55ൽ നിന്ന് 75 ആയി ഉയർത്തുമെന്നും നൽകിയ വാഗ്ദാനം ആദ്യ വർഷം തന്നെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. 16.45 ലക്ഷം കുടുംബങ്ങളും 18.99 ലക്ഷം വ്യക്തികളുമായി തൊഴിലെടുക്കുന്നവരുടെ എണ്ണം ഉയർന്നു. തൊഴിൽ ദിനങ്ങൾ ശരാശരി 64.41 ആയി വർധിച്ചു.

അതിതീവ്ര ദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉൾപ്പെട്ട 19,489 വാർഡുകളിൽ നടത്തിയ കണക്കെടുപ്പിലൂടെ 64,006 കുടുംബങ്ങൾ അതീവ ദരിദ്രരായി കണ്ടെത്തി. അവരെ ദാരിദ്ര്യ രേഖയ്ക്ക് പുറത്ത് കൊണ്ടുവരാൻ ഓരോ കുടുംബത്തിനും മൈക്രോ പ്ലാൻ കരട് തയ്യാറാക്കിയിട്ടുണ്ട്.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക് ' എന്ന ബൃഹത്തായ പദ്ധതി രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. 10,000 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സംയോജിത കൃഷി നടപ്പാക്കുകയാണ്. സുഭിക്ഷ കേരളം പദ്ധതിയിൽ 4481 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചു. 16,867 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഇതിലൂടെ 2130.21 ഹെക്ടർ ഭൂമിയിൽ കൃഷി വർധിപ്പിക്കാൻ സാധിച്ചു. 1787 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനും കൃഷി സംഘങ്ങൾക്ക് കഴിഞ്ഞു. നഗരസഭാ പരിധിയിൽ നഗരസഭകളുടെ നേതൃത്വത്തിൽ 4198 ഹെക്ടർ തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കിയിട്ടുണ്ട്.

തിരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 166 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനം ആരംഭിച്ചു. രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തിരഞ്ഞെടുത്തു. ഇതിൽ 369 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. ശേഷിക്കുന്ന 135 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 33 എണ്ണത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

**സിൽവർ ലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കെതിരായ കുപ്രചാരണങ്ങൾ തുറന്നുകാട്ടി ജനങ്ങളുടെ പിന്തുണയോടെയും പങ്കാളിത്തത്തോടെയും അവ നടപ്പാക്കും. അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു വിട്ടു വീഴ്ചയുമുണ്ടാകില്ല**

2021 മെയ് 21ന് ശേഷം ഏകദേശം 350 കി.മീ റോഡുകൾ പ്ലാസ്റ്റിക് ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചും 740 കി.മീ റോഡുകൾ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമിൻ ഉപ യോഗിച്ചും നിർമ്മിച്ചു. ദേശീയ പാത 66 ന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. 2025 ഓടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. നീലേശ്വരം റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ്, മൂരാട്-പാലൊളി പാലങ്ങൾ, കഴക്കൂട്ടം മേൽപ്പാലം എന്നിവ അന്തിമഘട്ടത്തിലാണ്. കൊച്ചി വാട്ടർ മെട്രോയുടെ മൂന്ന് ടെർമിനലുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി ആറ് എണ്ണത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒരു വർഷത്തിനുള്ളിൽ ഇങ്ങനെ ഒട്ടേറെ നേട്ടങ്ങളുണ്ട്. അവയെല്ലാം പ്രോഗ്രസ് റിപ്പോർട്ടിലൂടെ നിങ്ങൾക്ക് അറിയാനാകും.

ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിക്കുകയാണ് ലക്ഷ്യം. അത് എത്രമാത്രം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് പ്രോഗ്രസ് റിപ്പോർട്ടിലൂടെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പാക്കും. പ്രഖ്യാപിച്ച ഒരു പദ്ധതിയിൽ നിന്നും പിറകോട്ട് പോകില്ല. സിൽവർ ലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കെതിരായ കുപ്രചാരണങ്ങൾ തുറന്നുകാട്ടി ജനങ്ങളുടെ പിന്തുണയോടെയും പങ്കാളിത്തത്തോടെയും അവ നടപ്പാക്കും. അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു വിട്ടു വീഴ്ചയുമുണ്ടാകില്ല. എതിർപ്പുകളേയും വിധ്വംസക നീക്കങ്ങളേയും കുപ്രചാരണങ്ങളേയും മറികടക്കാനുള്ള കരുത്ത് ജനങ്ങൾ ഈ സർക്കാരിനു പകർന്നു നൽകുന്നുണ്ട്. അത് തന്നെയാണ് സർക്കാരിന് മുന്നേറാനുള്ള ഊർജം നൽകുന്നത്. ■




# പെൺജീവിതം മാറ്റിമറിച്ച കാൽ നൂറ്റാണ്ട്



**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

കുടുംബശ്രീ പ്രസ്ഥാനം രജത ജൂബിലിയിലേക്ക് കടക്കുകയാണ്. രാജ്യത്തിന്റെ സാമൂഹ്യചരിത്രത്തിലെ സുപ്രധാന വഴിത്തിരിവുകൂടിയായ ഈ പ്രസ്ഥാനം നവകേരള നിർമ്മിതിയുടെ പുതിയ ഘട്ടത്തിലാണ് ഇരുപത്തഞ്ചാം വർഷത്തിലേക്കു കടക്കുന്നത്. 1998 മെയ് 17നാണ് കുടുംബശ്രീ പിറവിയെടുത്തത്. സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യനിർമാർജന മെന്നതായിരുന്നു പ്രവർത്തന ലക്ഷ്യം. ഇരുപത്തഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ 45,85,677 അംഗങ്ങളുടെ കരുത്ത് ഈ പ്രസ്ഥാനത്തിനുണ്ട്. 3,06,551 അയൽക്കൂട്ടവും 19,470 എഡിഎസും 1070 സിഡിഎസും പ്രവർത്തിക്കുന്നു. ഇതിന് പുറമെ 3,02,595 അംഗങ്ങളുള്ള യുവതീ ആക്സിലറി ഗ്രൂപ്പും സജീവമാണ്.

വിവിധ രാജ്യങ്ങൾ കേരളത്തിന്റെ സ്ത്രീപർവത്തെ മനസ്സിലാക്കാനും പകർത്താനും ശ്രമിക്കുന്നുണ്ട്. അസർബൈജാൻ, എത്യോപ്യ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങൾ കുടുംബശ്രീ പ്രവർത്തകരെ അവരുടെ രാജ്യങ്ങളിലേക്ക് കൊണ്ടുപോയി ദാരിദ്ര്യ നിർമാർജനത്തിന്റെ രീതിശാസ്ത്രം അവിടങ്ങളിൽ നടപ്പാക്കാനുള്ള പരിശ്രമത്തിലാണ്. മറ്റ് പല രാജ്യങ്ങളും കേരളത്തിലേക്ക് വന്ന് ഈ കേരള മാതൃക മനസ്സിലാക്കി.

കുടുംബശ്രീ എന്ന സ്ത്രീപക്ഷ പ്രസ്ഥാനത്തിന് കേരളത്തിൽ ആരംഭം കുറിക്കാൻ കഴിഞ്ഞത് അതിനനുയോജ്യമായ രാഷ്ട്രീയ, സാമൂഹികാടിത്തറ നിലവിലുള്ളതുകൊണ്ടാണ്. അത് സ്വാഭാവിക പരിണതിയല്ല. 1957ലെ ഇ എം എസ് സർക്കാരിന്റെ വികസന നയങ്ങൾ അതിൽ നിർണായകമാണ്.

സാമ്പത്തികമായി പിന്നാക്കമാണെങ്കിലും താരതമ്യേന ഉയർന്ന ജീവിതനിലവാരം ജനങ്ങൾക്ക് ലഭിച്ചതും സാർവത്രിക വിദ്യാഭ്യാസവും പ്രാഥമിക ആരോഗ്യപരിരക്ഷയും മിനിമം കൂലിയും ഭൂരിപക്ഷത്തിനും വീട് വയ്ക്കാൻ ഭൂമി ലഭ്യമാക്കിയതുമൊക്കെ ആദ്യ സർക്കാരായിരുന്നു. ജാതിവ്യവസ്ഥയുടെ ഭീകര രൂപങ്ങളെ ഇല്ലായ്മ ചെയ്യാനും സാധിച്ചു. തുടർന്നും പുരോഗമന സർക്കാരുകൾ ലോകം ചർച്ച ചെയ്ത നിരവധി നേട്ടങ്ങൾ കേരളത്തിന് സമ്മാനിച്ചു. നേട്ടങ്ങളോടൊപ്പം സമ്പദ്ഘടന യിലെ ചില കോട്ടങ്ങളെയും നാം അഭിമുഖീകരിച്ചു. പലപ്പോഴും സാമൂഹികനേട്ടങ്ങൾക്കനുസൃതമായ സാമ്പത്തികവളർച്ച ഉണ്ടായില്ല എന്നതാണ് വാസ്തവം.

കാർഷിക, വ്യാവസായിക മേഖലകൾ ദുർബലമായതും തൊഴിലില്ലായ്മ വർധിച്ചതും വിദ്യാഭ്യാസ-ആരോഗ്യ നിലവാര തകർച്ചയുമൊക്കെ വിഷയങ്ങളായിരുന്നു. ഇവ പരിഹരിക്കുന്നതിനുള്ള കർമപദ്ധതിക്ക് പുരോഗമന സർക്കാരുകൾ രൂപം നൽകി.




കാർഷിക-വ്യാവസായികാദി മേഖലകളിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ചും സേവനമേഖലയിൽ ഗുണമേൻമ ഉറപ്പുവരുത്തിയും മുന്നോട്ടുപോയി. ജനപങ്കാളിത്ത വികസന മാതൃകയ്ക്ക് ഊന്നൽ കൊടുക്കണമെന്നും അധികാര വികേന്ദ്രീകരണം ഇതിന് അനിവാര്യമാണെന്നും അഭിപ്രായ സ്വരൂപണമുണ്ടായി. തുടർന്നാണ് 1996ൽ ഇ.കെ.നായനാർ സർക്കാർ ജനകീയാസൂത്രണമെന്ന പേരിൽ അധികാര വികേന്ദ്രീകരണത്തിനായുള്ള ശക്തമായ പ്രവർത്തനം തുടങ്ങിയത്. വൈകാതെ തന്നെ കുടുംബശ്രീ പ്രസ്ഥാനവും ആരംഭിച്ചു.

തുടർന്ന്, അധികാരത്തിൽ വന്നവർ നവ ഉദാര നയങ്ങൾ അടിച്ചേൽപ്പിക്കുകയെന്ന അജൻഡയുമായാണ് മുന്നോട്ടുപോയത്. കുടുംബശ്രീയെ തകർക്കാനും ശ്രമമുണ്ടായി. അന്ന് കുടുംബശ്രീ പ്രവർത്തകരുടെ രാപ്പകൽ സമരത്തെ തുടർന്ന് ഗ്രാമീണ ഉപജീവന മിഷന്റെ നോഡൽ ഏജൻസിയായി കുടുംബശ്രീ യെത്തന്നെ നിശ്ചയിക്കാൻ അവർ നിർബന്ധിതരായി. അക്കാലത്ത് തദ്ദേശഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചതും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് തടസ്സമായി. കുടുംബശ്രീ പഞ്ചായത്തുവകുപ്പിനു കീഴിലായിരുന്നു. അതുകൊണ്ട് നഗരവികസനവകുപ്പിന് കുടുംബശ്രീയോട് മമതയുണ്ടായിരുന്നില്ല. ഗ്രാമ വികസനവകുപ്പാകട്ടെ നിസ്സഹകരണം പുലർത്തി. കുടുംബശ്രീക്ക് നൽകിയ ആനുകൂല്യങ്ങളിൽ പലതും അട്ടിമറിക്കാനും ശ്രമമുണ്ടായി. കുടുംബശ്രീ വായ്പ യുടെ പലിശനിരക്ക് രണ്ട് ശതമാനം വർധിപ്പിച്ചു. വലിയ രോഷമാണ് ഇതിനെതിരെ അലയടിച്ചത്.

ഏകീകൃത തദ്ദേശഭരണ വകുപ്പിന്റെ ശക്തമായ പിന്തുണയോടെയാണ് ഇന്ന് കുടുംബശ്രീ കൂടുതൽ കരുത്തോടെ നിൽക്കുന്നത്. സാമ്പത്തിക ശാക്തീകരണത്തിന്റെ വഴികളിലൂടെ ദാരിദ്ര്യനിർമാർജനം എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം. സ്ത്രീശാക്തീകരണത്തിലേക്ക് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം സാമ്പത്തിക ശാക്തീകരണമാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇന്ന് 5586.68 കോടി രൂപയുടെ സമ്പാദ്യമുണ്ട്. ഓരോ അംഗത്തിനും വിശ്വാസത്തോടെ സമീപിക്കാൻ സാധിക്കുന്ന ഇടമായും വീട്ടുമുറ്റത്തെ ബാങ്കായും അയൽക്കൂട്ടങ്ങൾ മാറി. കുടുംബശ്രീ ഇന്റേണൽ ലോണായി 22021.33 കോടി രൂപ യാണ് നൽകിയിട്ടുള്ളത്. 2,51,125 അയൽക്കൂട്ടം വിവിധ ബാങ്കുകളുമായി ലിങ്ക് ചെയ്യുകയും 15475.34 കോടി രൂപ വായ്പയെടുത്ത് കൃത്യമായ തിരിച്ചടവോടെ മുന്നോട്ടുപോകുകയും ചെയ്യുന്നു. കോവിഡ് കാലത്ത് ആവിഷ്കരിച്ച 'മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി'യുടെ ഭാഗമായി 25.15 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്കായി 1917.55 കോടിയാണ് ലഭ്യമാക്കിയത്.

പരമ്പരാഗത തൊഴിൽ സംരംഭങ്ങളിൽ നിന്ന് പുതുസംരംഭങ്ങളിലേക്ക് കുടുംബശ്രീ വഴിമാറുന്നു.






മാറുന്ന കാലത്തിനും ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കും വിപണി സ്വഭാവത്തിനും അനുസൃതമായി വൈവിധ്യമാർന്ന സംരംഭങ്ങൾ ആരംഭിക്കുന്നു. വിപണന മേളകളോടൊപ്പം കുടുംബശ്രീ ബസാർ ഡോട്ട്.കോം എന്ന പേരിൽ ഓൺലൈൻ വിപണന രംഗത്തും ചുവടുറപ്പിച്ച് കഴിഞ്ഞു. സംസ്ഥാനത്ത് 3,43,271 വനിതാ കർഷകർ 74,776 കാർഷിക കൂട്ടായ്മയിലൂടെ 33,310.05 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. ആട് ഗ്രാമം, ക്ഷീരസാഗരം, കേരള ചിക്കൻ എന്നീ പദ്ധതികളിലൂടെ മൃഗസംരക്ഷണ മേഖലയിലും കുടുംബശ്രീയുണ്ട്. രണ്ട് ഐടി യൂണിറ്റും ഒരു ഐടി കൺസോർഷ്യവും 19 ട്രെയിനിങ് ഗ്രൂപ്പും കുടുംബശ്രീയുടേതായുണ്ട്. വിവിധ സംരംഭക മേഖലകളിൽ 91,060 ഗ്രൂപ്പ് പ്രവർത്തിക്കുന്നു. 1184 ജനകീയ ഹോട്ടലുമുണ്ട്. കുടുംബശ്രീ വനിതകളുടെ മികവുകൾ പറയാൻ ഇനിയും ഏറെയുണ്ട്.

സ്ത്രീധനത്തിനെതിരെ, സ്ത്രീപീഡനത്തിനറുതി വരുത്താൻ സ്ത്രീപക്ഷ നവകേരളം യാഥാർഥ്യമാക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾ മുന്നോട്ടുവന്നു. സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും ചിന്തകളും മറ്റും ഇല്ലാതാക്കാനുതകുന്ന ക്യാമ്പയിനാണ് സ്ത്രീപക്ഷ നവകേരളം.

കുടുംബശ്രീയുടെ നിയമാവലി അനുസരിച്ച് ഒരു കുടുംബത്തിലെ ഒരു സ്ത്രീക്കാണ് അയൽക്കൂട്ടത്തിൽ അംഗമാകാൻ സാധിക്കുക. ഈ മാനദണ്ഡപ്രകാരം യുവതികൾക്ക് കുടുംബശ്രീയുടെ ഭാഗമാകാൻ സാധിക്കുന്നില്ല. കുടുംബശ്രീ യുവതീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കാൻ രണ്ടാം പിണറായി സർക്കാർ തീരുമാനിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. 18 മുതൽ 40 വയസ്സുവരെയുള്ള വനിതകളാണ് ഇതിൽ അംഗങ്ങളാകുക. നല്ല വിദ്യാഭ്യാസ യോഗ്യതയുള്ളവരും എന്നാൽ വീട്ടമ്മമാരായി ഒതുങ്ങാൻ നിർബന്ധിതരാകുകയും ചെയ്യുന്ന യുവതികൾക്ക് അവർ പഠിച്ച മേഖലകളിൽ തൊഴിലവസരം ലഭ്യമാക്കാനാണ് യുവതീ ഓക്സിലറി ഗ്രൂപ്പുകൾ ശ്രമിക്കുന്നത്. സംസ്ഥാനത്ത് 19,555 ഓക്സിലറി ഗ്രൂപ്പ് നിലവിൽ വന്നു. 3,02,595 അംഗങ്ങളാണ് ഓക്സിലറി ഗ്രൂപ്പുകളിലുള്ളത്. ഇത് ഇനിയും വിപുലപ്പെടുത്തും.

സ്ത്രീകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള മാറ്റങ്ങൾ പ്രാവർത്തികമാക്കാൻ അവരുടെ പങ്കാളിത്തം അനിവാര്യമാണ്. സ്ത്രീകളുടെ ദുഃസ്ഥിതി ഇല്ലാതാക്കി സുഃസ്ഥിതി സ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് നൽകുന്ന ഊന്നലിനൊപ്പം പങ്കാളിത്തത്തിനും പ്രാധാന്യം നൽകണം. അസമത്വം ഇല്ലാതാക്കാൻ ഇത് ഗുണം ചെയ്യും. സ്വാതന്ത്ര്യവും അധികാരവും ലഭിക്കുമ്പോൾ സ്ത്രീകളുടെ ശബ്ദത്തിനും പങ്കാളിത്തത്തിനും കരുത്ത് കൂടും. സമൂഹത്തിൽ സ്ത്രീപദവി ഉയരും.

രജത ജൂബിലി വർഷത്തിൽ ഇത്തരം ചിന്തകൾ തെളിക്കുന്ന പുതുവഴികളിലൂടെ മുന്നേറി, സ്ത്രീപക്ഷ നവകേരളം യാഥാർഥ്യമാക്കാനാണ് കുടുംബശ്രീ ഒരുങ്ങുന്നത്. ■




# സമകാലിക ജനപഥം PULLOUT BOOKLET സ്പെഷ്യൽ

ചരിത്രം കുറിച്ച കേരളത്തിലെ സ്ത്രീകൂട്ടായ്മ, കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങൾക്ക് ആരംഭമായിരിക്കുകയാണ്.

സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിലൂടെ സ്ത്രീകളുടെ സർവതോന്മുഖമായ വികാസം ഉറപ്പാക്കാൻ സംരംഭക, സേവന, വായ്പാമേഖലകളിൽ അതിവിപുലമായ ഇടപെടലുകളും പദ്ധതികളുമാണ് കുടുംബശ്രീക്കുള്ളത്. അവയെപ്പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന കൈപ്പുസ്തകമാണ് വരും താളുകളിൽ. എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കുന്നതിൽ സ്ഥലപരിമിതി തടസ്സമായിട്ടുണ്ട്. എങ്കിലും വായനക്കാർക്ക് കൈപ്പുസ്തകം പ്രയോജനപ്രദമാവുമെന്ന് പ്രതീക്ഷിക്കുന്നു.

## അടുത്ത 24 പേജുകൾ കൊണ്ട് ബുക്ക്‌ലെറ്റ് തയ്യാറാക്കാനുള്ള ചിത്രങ്ങളാണ് ചുവടെ

**1** ജനപഥത്തിന്റെ നടുവിലുള്ള 24 പേജുകൾ കൂട്ടിപ്പിടിച്ച് അടർത്തിയെടുക്കുക



**2** ചിത്രത്തിൽ കാണുന്നതുപോലെ കുത്തിട്ട വരകളിലൂടെ നടുവേ മടക്കുക



**3** മടക്കുവരുന്ന വശത്ത് ഇരുഭാഗങ്ങളിലായി സ്റ്റേപ്ലർ ക്ലിപ്പ് ചെയ്ത് ഉറപ്പിക്കുക.



**4** ബുക്ക്‌ലെറ്റിന്റെ താഴ്ഭാഗം കുത്തിട്ട വരകളിലൂടെ മുറിച്ച് മാറ്റുക.





ഇൻഫർമേഷൻ
പബ്ലിക്റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
വിവിധ സർക്കാർ വകുപ്പിന്റെ
സേവനങ്ങൾ തേടി
ഇനി
പലവഴി
അലയേണ്ട
സേവനങ്ങളെല്ലാം
വിരൽത്തുമ്പിൽ
സർവ്വീസ് പോർട്ടൽ
മൊബൈൽ ആപ്പ്
ലോഗിൻ ചെയ്യൂ
www.services.kerala.gov.in
അല്ലെങ്കിൽ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യൂ
m-സേവനം മൊബൈൽ ആപ്പ്




www.facebook.com/samakalikajanapadham/
സമകാലിക
ജനപഥം
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
കുടുംബശ്രീ @ 25
സംരംഭം
സേവനം
വായ്പ
ജനപഥം
സ്പെഷ്യൽ
കൈപ്പുസ്തകം

# കുടുംബശ്രീ
# ഓരോ സ്ത്രീയുടേയും അഭിമാനം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോകത്തിലെ ഏറ്റവും വലിയ സ്ത്രീ മുന്നേറ്റങ്ങളിലൊന്നായ കുടുംബശ്രീ രജത ജൂബിലിയിലേക്ക് കടക്കുകയാണ്. സംസ്ഥാനത്തെ 50 ശതമാനത്തോളം കുടുംബങ്ങൾ അംഗങ്ങളായുള്ള ഈ പ്രസ്ഥാനം കേരളം ലോകത്തിന് സമ്മാനിച്ച സംഘടിത സ്ത്രീ മുന്നേറ്റത്തിന്റെ ഉജ്ജ്വല മാതൃകയാണ്. മൂന്നു ലക്ഷം അയൽക്കൂട്ടങ്ങളിലായി 45.85 ലക്ഷം സ്ത്രീകളാണ് കുടുംബശ്രീയിൽ അംഗങ്ങളായുള്ളത്.

സ്ത്രീകളുടെ ക്രയവിക്രയ ശേഷി വർധിപ്പിച്ച് അതുവഴി അവരുടെ സാമ്പത്തിക ഉന്നമനവും ശാക്തീകരണവും ഉറപ്പുവരുത്താൻ 1998 മെയ് 17ന് ഇ.കെ നായനാർ സർക്കാരിന്റെ കാലത്താണ് കുടുംബശ്രീ രൂപീകൃതമായത്. ആലപ്പുഴ പട്ടണത്തിൽ ഏഴ് വാർഡുകളിലും മലപ്പുറത്തും നടപ്പിലാക്കിയിരുന്ന കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയെ (സി.ഡി.എസ്) അടിസ്ഥാനമാക്കിയാണ് അന്ന് ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയ കുടുംബശ്രീ എന്ന പേരിൽ ആരംഭിച്ചത്. ഗൃഹനാഥന്റെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന കേരളത്തിലെ ലക്ഷക്കണക്കിന് സാധാരണക്കാരായ

| | | | | |
|---|---|---|---|---|
| 88 | ശാരദവി.പി | കേരള ചിക്കൻ<br>കക്കട്ടിൽ കുന്നുമൽ<br>കോഴിക്കോട് 673506 | 9539888143 | 9539888143<br>6282593026 |
| 89 | സാഹിദ | കേരള ചിക്കൻ<br>ഉള്ളിയേരി, മാംപൊയിൽ<br>മുസ്ലീംലീഗ് ഓഫീസിന്<br>എതിർവശം<br>മാമ്പൊയിൽ കോഴിക്കോട് | 9037245246 | 8590623017 |
| 90 | നിഷ എ | കേരള ചിക്കൻ<br>പേരാമ്പ്ര ടൗൺ<br>കോഴിക്കോട് പിൻ 673525 | 9048636748 | 9497835330<br>9497500625 |
| 91 | മാലിക | കേരള ചിക്കൻ<br>കൂട്ടാലിട ടൗൺ<br>കോട്ടൂർ സർവീസിന് സമീപം<br>സഹകരണ ബാങ്ക്<br>കൂട്ടാലിട 673614 | 9946287801 | 9946287801<br>7306317669 |
| 92 | അനിത എ കെ | കേരള ചിക്കൻ<br>ചോയികുളം<br>കൊങ്ങന്നൂർ അത്തോളി 673315 | 8590376925 | 8590376925 |
| 93 | സുധ പി കെ | കേരള ചിക്കൻ<br>തൊട്ടിപ്പാലം<br>കാവിലുംപാറ 673513 | 9744674225 | 9744674225<br>9947837172 |
| 94 | ഷീബ | കേരള ചിക്കൻ<br>കായണ്ണ ബസാർ<br>കായണ്ണ കോഴിക്കോട് 673525 | 9947283225<br>9947283225 | 9605969517<br>9605969517 |

| | | | | |
|---|---|---|---|---|
| 78 | നസീമ | കേരള ചിക്കൻ<br>കെട്ടിട നമ്പർ: 359<br>വിശ്വസ്ത ബിൽഡിംഗ് കാട്ടൂർ,<br>ഇല്ലിക്കാട് 680702 തൃശൂർ | 9037707777 | 9037707777 |
| 79 | ഫാത്തിമ | കേരള ചിക്കൻ<br>VII 197 എറിയാട് | 7034238833 | 7034238833 |
| 80 | ജോയ്സി | കേരള ചിക്കൻ<br>ഫെഡറൽ ബാങ്കിന് സമീപം<br>ഇരിങ്ങാലക്കുട കെ | 9745133784 | 9745133784 |
| 81 | ഷംന ഉല്ലാസ് | കേരള ചിക്കൻ<br>തടിവളവ്<br>പെരിഞ്ഞനം വെസ്റ്റ് 680686 | 9539545312 | 9539545312<br>9188172768 |
| 82 | ഹസീന | കേരള ചിക്കൻ<br>കൊപ്രക്കളം വെസ്റ്റ്<br>കൈപ്പമംഗലം പി ഒ 680681 | 9633437376 | 9633437376<br>8606098474 |
| 83 | ഷീജ അനിൽ | കേരള ചിക്കൻ<br>മാർക്കറ്റ് ചാലക്കുടി 680307 | 7561006166 | 7561006166 |
| 84 | സരിത തമ്പി | കേരള ചിക്കൻ<br>ടികെഎസ് പുരം ജങ്ഷൻ<br>കോട്ടപ്പുറം ടോൾ<br>കൊടുങ്ങല്ലൂരിന് സമീപം 680664 | 9746428668 | 7561020628 |

## കോഴിക്കോട്

| | | | | |
|---|---|---|---|---|
| 85 | ഷൈജ എം കെ | മേത്തലെതാനോത്ത് വീട്<br>നമ്പിണ്ട പി.ഒ 673613 | 9961352208 | 9847996623 |
| 86 | സജിനാസ് കെ | കൊവ്വമ്മൽ<br>വാകയാട് പി.ഒ<br>നടുവണ്ണൂർ 673614 | 9218878889 | 9218878889 |
| 87 | അമലു സത്യൻ | പട്ടാണി<br>തൂണേരി കോഴിക്കോട് | 9605738663 | 9961049568 |



സ്ത്രീകൾക്ക് അത് മാന്യമായ തൊഴിലും വരുമാനവും സാമൂഹിക പദവിയും സമ്മാനിക്കാൻ നട്ടെല്ലായി പ്രവർത്തിച്ചു. അതുകൊണ്ടാണ് കുടുംബശ്രീ ഒരാൾക്കൂട്ടമോ വെറും കൂട്ടായ്മയോ അല്ലെന്ന് നമ്മൾ പറയുന്നത്. കേരളത്തിലെ ഓരോ സ്ത്രീയുടേയും അഭിമാനവും ചങ്കൂറ്റവുമാണത്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം പോലുള്ള അടിസ്ഥാന ആവശ്യങ്ങളിലായിരുന്നു കുടുംബശ്രീയുടെ ആദ്യകാല ഊന്നലെങ്കിലും പിന്നീട് പ്രവർത്തനം വിപുലമാക്കി. വിദ്യാഭ്യാസം, തൊഴിൽ, കുടിവെള്ളം, ഗതാഗതസൗകര്യം, ജനാധിപത്യ പങ്കാളിത്തം, വരുമാനം, സൂക്ഷ്മ സംരംഭം, സമ്പാദ്യവും വായ്പയും, ഗ്രാമസഭാ പങ്കാളിത്തം, സ്ത്രീ പദവി തുടങ്ങിയ മേഖലകളിലെ ഇടപെടലുകളിലൂടെ കുടുംബശ്രീ ഇന്ന് ലോകത്തിനു തന്നെ മാതൃകയാണ്.

ക്ലീനിംഗ് മുതൽ ഓഫീസ് നിർവ്വഹണ സംരംഭം വരെ ഇപ്പോൾ കുടുംബശ്രീ വനിതകൾ നടത്തുന്നുണ്ട്. കൊച്ചി മെട്രോയുടെ ഫെസിലിറ്റി മാനേജ്മെന്റ് സംവിധാനം, വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, അനിമൽ ബർത്ത് കൺട്രോൾ യൂണിറ്റുകൾ, റെയിൽവേയുമായി ചേർന്ന് ജൻ ആഹാർ, ടിക്കറ്റ് റിസർവേഷൻ, മാട്രിമോണിയൽ സർവ്വീസ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റ്,




ബഗ്ഗി സർവ്വീസ് തുടങ്ങിയ വിവിധ മേഖലകളിലെ നൂറുകണക്കിന് സംരംഭങ്ങൾക്ക് തുടക്കമിടാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന കേവല ലക്ഷ്യത്തിലാരംഭിച്ച ഈ പ്രസ്ഥാനം 25 കൊല്ലം പൂർത്തിയാക്കുമ്പോൾ സംരംഭക രംഗത്തും സാമൂഹിക സേവന രംഗങ്ങളിലും നേടിയ വളർച്ച പ്രശംസനീയമാണ്. കോവിഡ് മഹാമാരിക്കാലത്ത് കമ്മ്യൂണിറ്റി കിച്ചണുകൾ, ജനകീയ ഹോട്ടലുകൾ, വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള വരുടെയും പരിരക്ഷ, മാസ്ക്, സാനിറ്റൈസർ നിർമ്മാണം, കൗൺസലിംഗ് പിന്തുണ തുടങ്ങി നിരവധി സേവനങ്ങൾക്ക് കുടുംബ ശ്രീ പ്രവർത്തകർ മുന്നിൽ നിന്നു. പ്രളയകാലത്തും കുടുംബശ്രീ കേരളത്തിന് താങ്ങായി. ഇങ്ങനെ ജനകീയ വികസന പ്ര വർത്തനങ്ങളിലും നവകേരള നിർമിതിയിലും കാര്യക്ഷമമായി ഇടപെ ടാൻ കേരളത്തിലെ സ്ത്രീകളെ സജ്ജരാക്കിയതിൽ കുടുംബശ്രീക്ക് വലിയ പങ്കുണ്ട്.

ആരുടെയും അടിമയായുള്ള വളർച്ചയല്ല, സ്വന്തം കാലിൽ നിൽക്കാനുള്ള, സഞ്ചരിക്കാനുള്ള ആശയങ്ങൾ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യമാണ് സ്ത്രീകൾക്ക് വേണ്ടത്. അതാണ് കുടുംബശ്രീ എന്ന പ്രസ്ഥാനത്തിലൂടെ നമ്മുടെ സ്ത്രീ സമൂഹം നേടിയെടുക്കുന്നത്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീയുടെ ഇരുപത്തിയഞ്ചാം വാർഷികവേളയിൽ സർക്കാർ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. കുടുംബശ്രീക്കും സ്ത്രീ സമൂഹത്തിനും കൂടുതൽ കരുത്തോടെ മുന്നേറാൻ ഈ രജത ജൂബിലി വർഷവും ആഘോഷവും ഉപകരിക്കട്ടെ.

| | | | | |
|---|---|---|---|---|
| 69 | ശെൽവി കെ വി | പൂശാരിപ്പടി പറവൂർ<br>പറവൂർ പി.ഒ പിൻ 683513 | 9495662820 | 9495662820<br>9446411604 |
| 70 | റോസി ജസ്റ്റിൻ | കേരള ചിക്കൻ<br>കരിനൊച്ചിപറമ്പിൽ<br>പാനായിക്കുളം കരുമാല്ലൂർ<br>കളമശ്ശേരി സർക്കിൾ 683511 | 9446172275 | 8921905209<br>9946010275 |
| 71 | മേരി ഫ്രീമ/ലാവിൻ | കേരള ചിക്കൻ<br>കാനാട്ട്ആർക്കേഡ്<br>ചിറ്റൂർറോഡ് വടുതല 682023 | 8129932736 | 8129932736 |
| 72 | സുനിത/സലുദ്ധീൻ | കേരള ചിക്കൻ<br>മെട്രോപില്ലർ നമ്പർ-548<br>ഐശ്വര്യറോഡ്<br>ജനതാ പാലാരിവട്ടം | 9037156464 | 9037156464 |

## തൃശൂർ

| | | | | |
|---|---|---|---|---|
| 73 | സീത ബാലകൃഷ്ണൻ | കേരള ചിക്കൻ<br>XVI/284A<br>ചപ്പാരവളവ് പുല്ല് 680663 | 8129155021 | 9207455021 |
| 74 | സൽജ | കേരള ചിക്കൻ<br>ഡോർ നമ്പർ 345/എ<br>പൊറത്തിശ്ശേരി പി.ഒ<br>ഇരിങ്ങാലക്കുട തൃശൂർ | 9846182286 | 9846182286 |
| 75 | ബാലിക | കേരള ചിക്കൻ<br>14/523എ ഊരകം പി ഒ 680562 | 9846642190 | 9995619752 |
| 76 | മിനി സുരേഷ് | കേരള ചിക്കൻ<br>ഡോർ നമ്പർ:7/211ബി<br>മാടായിക്കോണം 680712 | 9633774989 | 9633774989 |
| 77 | സതി | കേരള ചിക്കൻ<br>കെട്ടിട നമ്പർ: 171<br>കൽപകകേന്ദ്രം കരാഞ്ചിറ,<br>കാട്ടൂർ 680702 തൃശൂർ | 9746585122 | 9746585122<br>9446818182 |

| | | | | |
|---|---|---|---|---|
| 59 | സജിത താണു | കേരള ചിക്കൻ<br>വള്ളിക്കാട്ടിൽ ചെമ്പ്രാക്കി<br>വാഴക്കുളം പി.ഒ | 8590258559 | 8590258559 |
| 60 | ജയധി/ജിക്കു | കേരള ചിക്കൻ,<br>ഞാറക്കൽ ജങ്ഷൻ<br>കാളിദാസ് തിയേറ്ററിന് സമീപം<br>ഞാറക്കൽ പി.ഒ 682505 | 9037470685 | 9605073454 |
| 61 | മനു ബെൻസൺ | കേരള ചിക്കൻ<br>III/114 മഞ്ജുമൽക്കവല<br>ചേരാനല്ലൂർ | 9605428406 | 9605428406 |
| 62 | പുഷ്പ രഞ്ജിത്ത് | കേരള ചിക്കൻ<br>കരുതല, സ്റ്റാർ തിയേറ്ററിന് സമീപം<br>ചെറായി 683514 | 7025724238 | 7025724238 |
| 63 | സജിന ഷുക്കൂർ | കേരള ചിക്കൻ<br>കുഴിവേലിപ്പടി<br>എടത്തല പി ഒ 683561 | 9645574100 | 9645574100 |
| 64 | ഗിരിജ | കേരള ചിക്കൻ<br>കൂനപ്പിള്ളിൽ<br>പെരുമ്പിള്ളി പി.ഒ<br>മുളന്തുരുത്തി 682314 | 9656360673 | 9656360673 |
| 65 | നിഷാപോൾ | കേരള ചിക്കൻ<br>VP.6/264D<br>നെടുമ്പാറ പി ഒ 683545 | 7034582417 | 7034582417 |
| 66 | ഗ്രേസി സെബാസ്റ്റ്യൻ | കേരള ചിക്കൻ 326,<br>കടമങ്ങാട്ഹൗസ്<br>കടപ്പാറ പുറത്തോട്ട് ജംഗ്ഷൻ<br>മലയാറ്റൂർ 683587 | 9744041059 | 9744041059<br>8086594290 |
| 67 | രമണി കുഞ്ഞപ്പൻ | തോപ്പിൽവീട്<br>മന്നം പി.ഒ വടക്കൻ<br>പറവൂർ 683520 | 8089090603 | 8089090603<br>9497475343 |
| 68 | മാഗി അഗസ്റ്റിൻ | സ്കൂൾമുട്ടം<br>ഓച്ചന്തുരുത്ത് പി.ഒ<br>എറണാകുളം 682508 | 9544634272 | 9633208778 |




## തിരുവനന്തപുരം

**പ്രകൃതി ന്യൂട്രിമിക്സ് യൂണിറ്റ്**
ആമച്ചൽ, കാട്ടാക്കട, ഫോൺ –8129341815
മുതിർന്നവർക്കും, ഗർഭിണികൾക്കും ആവശ്യമായ പൂരക പോഷകാഹാരം നിർമ്മിക്കുന്ന സംരംഭം.

**വി ഹെൽപ് ഐ.റ്റി കഫേ യൂണിറ്റ്**
ആറ്റിങ്ങൽ, ഫോൺ – 9846449701
ഇന്റർനെറ്റ് കഫേ യൂണിറ്റ്.

**മിത്ര ഓൺലൈൻ സെന്റർ**
മലയിൻകീഴ്, ഫോൺ – 9633061041
ഡി ടി പി, പി എസ് സി രജിസ്ട്രേഷൻ, സർക്കാർ സേവനങ്ങൾ നേടിയെടുക്കാനുള്ള ഓൺലൈൻ സേവനങ്ങൾ, വെഡിംഗ് കാർഡ്, ഫോട്ടോസ്റ്റാറ്റ് എന്നിവ നൽകുന്ന സംരംഭം.

**കിഡ്സ് പാരഡൈസ് ഡേ കെയർ**

അതിയന്നൂർ, ഫോൺ –9497690339, 9633551993

ആറുമാസം മുതൽ ആറുവയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പകൽ സംരക്ഷണം ഒരുക്കുന്ന സ്ഥാപനം. കുട്ടികൾക്ക് പ്രീ സ്കൂൾ പരിശീലനവും നൽകുന്നു.

**അൽഫോൺസാമ്മ ട്യൂഷൻ സെന്റർ**

കാരോട്, പാറശ്ശാല, ഫോൺ – 8675736491

കുഴിഞ്ഞാൻവിള പ്രദേശത്തെ സ്കൂൾ കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ട്യൂഷൻ പഠന സൗകര്യം ഒരുക്കുന്ന സംരംഭം.

**ഇതിഹാസ് ഇൻഡസ്ട്രീസ്**

തിരുവനന്തപുരം, ഫോൺ – 9847549810

സാനിറ്ററി പാഡ്, കായം, കരുപ്പെട്ടി, എന്നിവ നിർമ്മിക്കുന്നു.

**കൂട്ടായ്മ കൺസ്ട്രക്ഷൻ യൂണിറ്റ്**

ചെങ്കൽ, പാറശ്ശാല, ഫോൺ – 7025648001

വീടുകൾ, കൺസ്ട്രക്ഷൻ മേഖലയിലെ മറ്റു നിർമ്മാണങ്ങൾ എന്നിവയ്ക്കായി ശാസ്ത്രീയ പരിശീലനം നേടിയ അഞ്ചംഗ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സംരംഭം.



**ചിത്രാഞ്ജലി ഹെൽപ് ഡെസ്ക്**

പഴയകുന്നുമ്മൽ, പഞ്ചായത്ത് ബിൽഡിംഗ്, കിളിമാനൂർ, ഫോൺ – 9846743169

പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ നേടിയെടുക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുന്ന സംരംഭം.

**കുടുംബശ്രീ മെഡിക്കൽ ലാബ്**

നെടുമങ്ങാട്, മാർക്കറ്റ് വാർഡ്, ഫോൺ –7025910090

ഹൈപ്പർ ടെൻഷൻ, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങി വിവിധ ജീവിതശൈലീ രോഗനിർണ്ണയത്തിനാവശ്യമായ ലാബ് ടെസ്റ്റുകൾ, രക്തപരിശോധന എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു.

## എറണാകുളം

| | | | | |
|---|---|---|---|---|
| 49 | രേണുക രാജൻ | കേരള ചിക്കൻ<br>വാതിൽ നമ്പർ: 133A<br>പെരുമ്പടന്ന നോർത്ത്<br>പറവൂർ പി.ഒ | 8129155021 | 8129155021 |
| 50 | ട്രീസ ഷിബിലിവേര | കേരള ചിക്കൻ<br>പോസ്റ്റ് ഓഫീസ്റോഡ്<br>വല്ലാർപാടം | 9400358335 | 9400358335 |
| 51 | മുഹമ്മദ് മുബിൻ | കേരള ചിക്കൻ<br>ഷാപ്പുംപടി കാഞ്ഞൂർ പി.ഒ | 9496695121 | 9496695121 |
| 52 | സിനി ബാബു (സജി) | കേരള ചിക്കൻ<br>വി/463ബി ആലങ്ങാട് 683511 | 9995776511 | 9995776511 |
| 53 | മരിയ ജെയിംസ് | കേരള ചിക്കൻ<br>കെട്ടിട നമ്പർ: 14/2A<br>ലത തിയേറ്ററിന് സമീപം<br>മൂവാറ്റുപുഴ പി ഒ | 8281724991 | 8281724991 |
| 54 | ഷിബു/റോസ്മേരി | കേരള ചിക്കൻ<br>വാതിൽ നമ്പർ 368A<br>പൊന്നാരിമംഗലം മുളവുകാട് | 9745222134 | 9745222134 |
| 55 | ജയശ്രീ | കേരള ചിക്കൻ<br>ഡോർ നമ്പർ: 66 എ<br>തെറ്റാലി ജങ്ഷൻ<br>ശ്രീമൂലനഗരം | 8157947126 | 8157947126 |
| 56 | സനീർ | കേരള ചിക്കൻ<br>ചാത്തങ്ങാട് മാർക്കറ്റ്<br>എടവനക്കാട് പി.ഒ പിൻ 682502 | 9895963249 | 9895963249 |
| 57 | മിനി സെബാസ്റ്റ്യൻ | കേരള ചിക്കൻ<br>AH 07/I/EKM/KPDY/XI/1<br>എൽകംപള്ളി പി ഒ 683544 | 9961217619 | 9961217619 |
| 58 | ദിവ്യ സജി | കേരള ചിക്കൻ<br>സാറസൺസ് ബിൽഡിംഗ്<br>ഡോർ നമ്പർ: 282<br>കൊമെന്തേപ്പടി വാഴക്കുളം പി.ഒ | 9526833015 | 9526833015 |

| | | | | |
|---|---|---|---|---|
| 42 | ട്രീസ ബിജു | കേരള ചിക്കൻ<br>കെട്ടിടം നമ്പർ 46D<br>പള്ളികാഴ്ച ഷോപ്പിംഗ് കോംപ്ലക്സ്<br>ചേർപ്പുങ്കൽ പി.ഒ 686584 | 9946325577 | 9946325577<br>9846588268 |
| 43 | ബിന്ദു സോമൻ | കേരള ചിക്കൻ<br>കെട്ടിടംNo16D<br>പൂഞ്ഞാർ സർവീസ്സഹകരണ ബാങ്കിന് സമീപം,<br>പൂഞ്ഞാർ 686581 | 7034271868 | 9400233700<br>7034271868 |
| 44 | അർച്ചന എസ് ദേവി | കേരള ചിക്കൻ<br>കെട്ടിടം നമ്പർ 8/54<br>ചെന്നക്കുളത്ത് കെട്ടിടം<br>കൊടുകൂർ പി ഒ വാഴൂർ 686504 | 9446922802 | 9446922802 |
| 45 | വീണാജോസഫ് | കേരള ചിക്കൻ<br>കെട്ടിടംNo1/297A<br>മാന്തുരുത്തി പി.ഒ<br>നെടുംകുന്നം പിൻ 686542 | 9539899225 | 9539899225 |
| 46 | നിർമലറെജി | കേരള ചിക്കൻ<br>കെട്ടിടംNo18/430&431<br>മരിയൻ സ്കൂളിന് എതിർവശം കളത്തിപ്പാടി<br>വടവാതൂർ പി ഒ 686010 | 7356483390<br>9567932134 | 7356483390<br>9645620126 |
| 47 | ഹരിതവിഷ്ണു | കേരള ചിക്കൻ<br>അൽഫോൻസ ബിൽഡിംഗ്<br>എതിർവശം കെ.എസ്.ഇ.ബി<br>പാലാ രാമപുരം റോഡ്<br>പാലാ പി ഒ 686575 | 9656074784 | 9656074784<br>9562290022 |
| 48 | ഷബാന ഷംസ് | കേരള ചിക്കൻ<br>ആനക്കല്ല് കാഞ്ഞിരപ്പള്ളി<br>കാഞ്ഞിരപ്പള്ളിസർക്കിൾ 686508 | 9544141144 | 9544141144 |

## കൊല്ലം

**നെടുമ്പന അപ്പാരൽപാർക്ക്**
സ്റ്റിച്ചിംഗ് യൂണിറ്റ്, മുഖത്തല
ഫോൺ : 8547166077, 6238994208

**സഹ്യ കൺസ്ട്രക്ഷൻ ഗ്രൂപ്പ്**
ചെമ്പകരാമനെല്ലൂർ
ഇടമുളയ്ക്കൽ,
ഫോൺ : 8129053475, 9846785230
കൺസ്ട്രക്ഷൻ സംരംഭം

**അജയ് കോട്ടൺ വേസ്റ്റ് യൂണിറ്റ്**
പോരുവഴി,
ഇടക്കാട് പി.ഒ,
ശാസ്താംകോട്ട ,
ഫോൺ: 9061348567
കോട്ടൺ തുണികൾ
പെയിന്റ് ഷോപ്പ്,
ടൈൽഷോപ്പ്
എന്നിവയ്ക്കായ്
കോട്ടൺ വേസ്റ്റുകൾ
ആക്കി നിർമ്മിക്കുന്നു.

**തനയാ ഇന്റർനെറ്റ് കഫേ ആൻഡ് ഓൺലൈൻ സർവ്വീസസ്**
കുമ്മിൾ,
ചടയമംഗലം,
ഫോൺ:6238970172
പൊതുജനങ്ങൾക്ക്
സമയബന്ധിതമായി
ഇന്റർനെറ്റ്
അധിഷ്ഠിത
സേവനങ്ങൾ
നൽകുന്നു

**പവിത്രം ചപ്പാത്തി യൂണിറ്റ്**
ഫോൺ : 9745993665
ചടയമംഗലം



## പത്തനംതിട്ട



**ആത്മ ബാംബൂ യൂണിറ്റ്**

ഏഴംകുളം, ഫോൺ – 8593024508

മുള, ചിരട്ട, ഈറ,തെങ്ങ് തടി എന്നിവയുടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.

**മലർവാടി വനിതാ കൺസ്ട്രക്ഷൻ യൂണിറ്റ്**

ഏനാദിമംഗലം, പത്തനം തിട്ട, ഫോൺ – 7902261074

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ നിർമാണം ഏറ്റെടുത്തുവരുന്നു.

**ശ്രീധന്യ കറി പൗഡർ ആൻഡ് ഫ്ളോർ യൂണിറ്റ്**

കൊടുമൺ, ഇടത്തിട്ട, ഫോൺ – 9446977449

കറി പൗഡറുകൾ, മസാലപൊടികൾ, അപ്പം പുട്ട് പൊടികൾ, അച്ചാർ, ചിപ്സ്, വെളിച്ചെണ്ണ, ചക്കയുടെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന സംരംഭം.

**പുതുമ ഇരുമ്പ് ഉൽപ്പന്ന യൂണിറ്റ്**

നെല്ലിമൂട്, അടൂർ, ഫോൺ – 9747469158

വിവിധതരം ചീനച്ചട്ടികൾ, പ്ളേറ്റുകൾ, ഫ്രയിങ് പാനുകൾ, കത്തികൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.

**ശിവ ഹാൻഡി ക്രാഫ്റ്റ് യൂണിറ്റ്**

| | | | | |
|---|---|---|---|---|
| 33 | ലിസിജോയ് | എലഗൻസ് ഹോട്ടലിന് സമീപം ഹൈവേറോഡ് കിടങ്ങൂർ പി.ഒ 686572 | 9961842297 | 9961842297 |
| 34 | ലിൻസി ബിജു | 17/90 ചിറയിൽ മാന്നാനം പി.ഒ അതിരമ്പുഴ കോട്ടയം 686561 | 8289902406 | 8289902406 |
| 35 | സുലോചന ചന്ദ്രൻ | കിഴക്കേക്കുഴി പയ്യപ്പാടി പി.ഒ പുതുപ്പള്ളി 686011 | 9947370676 | 9947370676 |
| 36 | വിജയമ്മ കൃഷ്ണൻകുട്ടി | ബിൽഡിംഗ് നമ്പർ 20/358 ഇല്ലിവളവ് വെള്ളൂർ പി.ഒ പാമ്പാടി 686501 | 9633823644 | 9633823644 |
| 37 | സൗമ്യസിനാജ് | മുണ്ടക്കയം (ഗ്രാമീൺ ബാങ്കിന് സമീപം) മുണ്ടക്കയം പി.ഒ 686514 | 9605798506 | 9605798506 |
| 38 | സുമ കുര്യൻ | ആശാരിപ്രമ്പിൽ വീട് കുമ്മനം പി.ഒ കോട്ടയം 686005 | 8593887323 | 8593887323 |
| 39 | ഷീജ സതീശൻ | കറുത്തപാറയിൽ(എച്ച്) ഏറ്റുമാനൂർ പി.ഒ 686631 | 8086547451 | 9526106844 8086547451 |
| 40 | സിന്ധുമണി | പൂവൻപാറ വീട് മുതിരമല കറുകച്ചാൽ പി.ഒ നെടുംകുന്നം 686540 | 9446472846 | 9446472846 |
| 41 | ലിറ്റിതോമസ് | കേരള ചിക്കൻ ബിൽഡിംഗ് നമ്പർ 692A ഹോട്ടൽ ആര്യയുടെ എതിർവശത്ത് തെങ്ങണ, പെരുമ്പനാച്ചി പി.ഒ ചങ്ങനാശേരി 686536 | 9562658729 | 9562658729 |

| | | | | |
|---|---|---|---|---|
| 23 | ലൈലാ ബീവി | കേരള ചിക്കൻ<br>ഡിപ്പോട്ട് കല്ലുവെട്ടാംകുഴി<br>കുളത്തൂപ്പുഴ പിൻ 691310 | 8129033475 | 8129033475 |
| 24 | പ്രിയ | കേരള ചിക്കൻ<br>വയക്കൽ പി ഒ<br>കൊട്ടാരക്കര സർക്കിൾ 691532 | 9746557735 | 9746557735 |
| 25 | ഷക്കീല സലാഹുദ്ദീൻ | കേരള ചിക്കൻ<br>വലിയകാവേ നഗർ 98 എ<br>ആശാൻ ജംഗ്ഷൻ കുരീപ്പുഴ,<br>കാവനാട് 691003 | 7306708577 | 7306708577 |
| 26 | ഷിംല ഷഹാലുദ്ധീൻ | കേരള ചിക്കൻ<br>മൈലക്കാട് പി.ഒ<br>കൊട്ടിയം കൊല്ലം 691571 | 9526758669 | 9526758669 |
| 27 | ആതിര എ പി | കേരള ചിക്കൻ<br>മാർക്കറ്റ് ജംഗ്ഷൻ<br>പുത്തൂർ പി.ഒ | 8921637382 | 8921637382 |

## കോട്ടയം

| | | | | |
|---|---|---|---|---|
| 28 | സിനു പീറ്റർ | 78/13 കണ്ടത്തിൽ<br>പുത്തൻപുരയിൽ ബിൽഡിംഗ്സ്<br>പുതുവേലി പി ഒ 686636 | 9747696699 | 9747696699 |
| 29 | ഉഷാരവി | 776 കെവിഎംഎസ് ജംഗ്ഷൻ<br>പൊൻകുന്നം 686506 | 9847109139 | 9847109139 |
| 30 | ഷാനി റോണി | V/4B മേലുകാവുമറ്റം<br>പി.ഒ കോട്ടയം 686652 | 9447980050 | 9447980050 |
| 31 | സെന്ന പി ജേക്കബ് | കിസ്സാൻ മാർക്കറ്റ് VII/222A<br>എട്ടാക്കക്കുന്നേൽ കെട്ടിടം<br>മേരിഗിരി ജങ്ഷൻ<br>ഭരണങ്ങാനം പിൻ 686578 | 9447231304 | 9447231304 |
| 32 | സുജ ഡാനിയേൽ | 7/85 കല്ലുപുരക്കൽ<br>കറുകച്ചാൽ പി.ഒ<br>പനയംപാല 686540 | 9526362547 | 9526362547<br>9447362547 |

നാരങ്ങാനം, ഫോൺ – 9207599803

പനം തവി, പനം ചട്ടുകം ചിരട്ടത്തവി പപ്പടംകുത്തി ചിരട്ട ബൗൾ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്ന സംരംഭം. പന, ചിരട്ട തടി എന്നിവ കൊണ്ട് വിവിധങ്ങളായ കര കൗശല ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു.

**പുണ്യ അഗർബത്തി യൂണിറ്റ്**

കടപ്ര, ഫോൺ – 9037371984

അഗർബത്തി യൂണിറ്റ്

**ശാന്തി സംരംഭ യൂണിറ്റ്**

ആനിക്കാട്, ഫോൺ – 8157817432

പേപ്പർ, പേന, കുട, മെഴുകുതിരി എന്നിവ നിർമ്മിക്കുന്നു.

## കോട്ടയം

**സെയിൻ പെറ്റ്സ്**

ഏറ്റുമാനൂർ, ഫോൺ: 7559957040, 8089291858

പേർഷ്യൻ ക്യാറ്റ്, ഹിമാലയൻ ക്യാറ്റ്, റഷ്യൻ ബ്ലൂ ക്യാറ്റ്, എന്നിങ്ങനെ വിവിധ ഇനം പൂച്ചകളെ വളർത്തി വിൽപ്പന നടത്തുന്ന യൂണിറ്റ്.

**മിൽക്കി ലാറ്റ്**



തിരുവാർപ്പ്, ഫോൺ: 9645018880

പേട, മിൽക്ക് മെയ്ഡ് ഇനങ്ങൾ ഗുലാബ്ജാം തുടങ്ങി വിവിധ ഇനം ഗുണമേന്മയുള്ള പാൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നു.

**മുത്തശ്ശി ഗ്രൂപ്പ്**

മുണ്ടക്കയം, മുരിക്കും വയൽ, ഫോൺ 8848364682

മുള ഉൽപ്പന്നങ്ങൾ, തവി, വട്ടി (ചെറുതുംവലുതും), കോരി, മുറം, മീൻ കുട്ട, പൂ കുട്ട, കുട്ട എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.

**സായൂജ്യം കറി പൗഡർ**

കിളിരൂർ, ഫോൺ 9496918963

മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, സാംമ്പാർ പൊടി, ചിക്കൻ മസാല തുടങ്ങി കറിപൗഡറുകൾ മാർക്കറ്റിലെത്തിക്കുന്നു.

**കിടങ്ങൂർ – അപ്പാരൽ പാർക്ക്**

കിടങ്ങൂർ, ഫോൺ– 9526160148, 9846973837

മെഡിക്കൽ മാസ്ക്, സർജിക്കൽ ഗൗൺ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമിക്കുന്നു.

**സമൃദ്ധി –ബയോ ഫാർമസി**

വൈക്കം, ഫോൺ– 9061234890

ചുരുങ്ങിയ ചെലവിൽ, ജൈവവസ്തുക്കളും ചാണകം, കോഴിവളം, ആട്ടിൻ കാഷ്ഠം എന്നിവ പൊടിച്ചു ജൈവവളം നിർമ്മിക്കുന്ന യൂണിറ്റ്.

**ഹരിത കേരളം-ബയോ ഫാർമസി**

തൃക്കൊടിത്താനം, ഫോൺ– 9567491921

ഒരു വീട്ടിലേക്കാവശ്യമായ അടുക്കളത്തോട്ടം സംസ്ഥാനത്തെവിടെയും നിർമ്മിച്ച് നൽകുന്നു.

**ഓർക്കിഡ്-ജൈവിക പ്ലാന്റ് നഴ്സറി**

നാട്ടകം, ഫോൺ – 9562844681

ഓർക്കിഡ്റെക്സ്, ബിഗോണിയ എന്നിവ കൃഷിചെയ്യുന്ന സംരംഭം.

**ഗ്രാമലക്ഷ്മി എക്കോപ്രോഡക്ട്സ്**

ഫോൺ – 8547672458

ചിരട്ട കൊണ്ടുള്ള ബൗൾ, ചിരട്ട പുട്ട്, ചട്ടുകങ്ങൾ, തവി, ഐസ് ക്രീംകപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു നൽകുന്നു.

## കൊല്ലം

| | | | | |
|---|---|---|---|---|
| 13 | സുനിത ബിനു | പള്ളിവടക്കത്തിൽ<br>ചിക്കൻ മരുതമോൻപള്ളി,<br>പൂയപ്പള്ളി പി.ഒ | 9526428122 | 9526428122 |
| 14 | റംലത്ത് | വാഴവിള ഹലാൽ ചിക്കൻ<br>ഓയൂർ പി.ഒ 691510 | 9605812375 | 9605812375 |
| 15 | ഗീതു | വർണം ചിക്കൻ സെന്റർ<br>കിഴക്കേ കല്ലട പി.ഒ<br>ചിറ്റുമല 691502 | 9995684340 | 9995684340 |
| 16 | സനൂജ എസ് | പട്ടാളത്ത് പള്ളി പുരയിടം<br>പ്രണവം നഗർ<br>വൈഎംസിഎ റോഡ് 691001 | 9809088137 | 9207148235 |
| 17 | ബുഷ്റ എ | കോടം തോപ്പിൽ<br>പോരുവഴി 690520 | 8547035866 | 9048366220 |
| 18 | ലീല യശോധരൻ | കേരള ചിക്കൻ<br>മിനി സിവിൽസ്റ്റേഷന്<br>എതിരെ<br>മാർക്കറ്റ് ജംഗ്ഷൻ<br>അഞ്ചൽ 691306 | 9645496454 | 9645496454 |
| 19 | ബിന്ദു എസ് | ബിസ്മി ഹലാൽ ചിക്കൻ<br>കല്ലുംതാഴം 691004 | 9744300901 | 9744300901 |
| 20 | വിജയകുമാരി | തുളസി ഭവൻ<br>പുന്നമുക്ക്<br>ഒഴുകുപാറ റോഡ്<br>പോളച്ചിറ പി.ഒ 691334 | 9074352043 | 9074352043 |
| 21 | സബീല | SS ഹലാൽ ചിക്കൻ<br>മണപ്പള്ളി സൗത്ത്<br>മണപ്പള്ളി പി.ഒ 690574 | 8086388126 | 9446973913 |
| 22 | സജിത എം | കേരള ചിക്കൻ<br>ചകിരിക്കട ജങ്ഷൻ<br>ഇരവിപുരം പി.ഒ 691011 | 9072461149 | 9995628585 |


| | | | | |
|---|---|---|---|---|
| 4 | ഷെമിമോൾ | തൊളിക്കോട് ജംഗ്ഷൻ നവാസ്ഹോട്ടലിന് സമീപം തൊളിക്കോട് പിഒ 695541 | 9895875955 | 9895875955 |
| 5 | ശ്രീകല വി | കാർത്തികഭവൻ, മഞ്ചവിളകം, കൊല്ലയിൽ, 695503 | 9995669471 7907888053 | 9995669471, |
| 6 | നജ്മ എ | കേരള ചിക്കൻ ബാങ്ക് ഓഫ് ഇന്ത്യക്ക് എതിർവശത്ത് കൊച്ചാട്ടുക്കൽ ചുള്ളിമാനൂർ 695541 | 9645609084 | 9645609084 9446970357 |
| 7 | ഉഷ പി | കേരള ചിക്കൻ അയിരൂർ പെരുംകടവിള പി.ഒ പിൻ 695124 | 9497700040 | 9497700040 7012526483 |
| 8 | രതി എസ് | കേരള ചിക്കൻ ചെറുവിളവേളവൂർ കോലിയക്കോട് പി.ഒ വെഞ്ഞാറമൂട് 695607 | 9074871442 | 9495625826 |
| 9 | സജീന ഷാഫി | കേരള ചിക്കൻ അൽസിയന്റ്സ് ജംഗ്ഷൻ ബീച്ച്റോഡ് ബീച്ച് പി.ഒ., പിൻ 695007 | 6238616876 | 6238616876 7510865373 |
| 10 | നുസൈഫ ബീവി എ | കേരള ചിക്കൻ എം എൻ ടവർ പോസ്റ്റ്ഓഫീസിന് സമീപം ഈട്ടിമൂട് വിതുര | 7012091040 | 7012091040 |
| 11 | തങ്കം | കേരള ചിക്കൻ പനയറക്കോണം നാറാണി കുന്നത്തുകാൽ പി.ഒ 695 504 | 9496367608 | 9496367608 |
| 12 | റസിയ ബീവി | കേരള ചിക്കൻ പഞ്ചായത്ത് ഓഫീസിന് സമീപം ചന്ദ കുന്ന് റോഡ് പാങ്ങോട് 695509 | 8086442460 | 8086442460 |

## എറണാകുളം

**വീയാർ സൈൻസ്**

നോർത്ത് പറവൂർ, ഫോൺ : 9995272879

ഫ്ലെക്സ്ബോർഡുകൾ, നെയിംബോർഡുകൾ, നമ്പർ പ്ലേറ്റ്, എൽ.ഇ.ഡിബോർഡുകൾ എന്നിവ നിർമ്മിക്കുന്നു.



**അച്ചൂസ് ചെറുവഞ്ചികൾ**

നോർത്ത് പറവൂർ, ഫോൺ: 9447719135

ചെറുവഞ്ചി നിർമ്മിച്ചു നൽകുന്ന സംരംഭം.

**ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റ്**

പിറവം, ഫോൺ: 7012609503

ചക്ക, മാങ്ങ, പൈനാപ്പിൾ, പപ്പായ എന്നീ പഴവർഗങ്ങളുടെ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, പാക്കിങ്, ലേബലിംഗ്, ലൈസൻസിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുന്നു.

**കരീബിയൻ കാസ**

കുമ്പളങ്ങി, ഫോൺ : 6238311186

കുമ്പളങ്ങി ഭംഗി ആസ്വദിക്കാൻ എത്തുന്നവർക്കുള്ള ഹോംസ്റ്റേ സൗകര്യം ഒരുക്കുന്നു.

**പ്രകൃതി ബോക്സ്**

കാലടി, ഫോൺ– 6282351147

മല്ലി, മഞ്ഞൾ, മുളക്, കറിമസാലകൾ, അരിപ്പൊടികൾ, ഗോതമ്പ്, റവ, ഉപ്പേരികൾ, വെളിച്ചെണ്ണ, റാഗി, ചാമ, മുളഅരി, പയറുവർഗ്ഗങ്ങൾ, ഡ്രൈ ഫ്രൂട്ട്സ് എന്നിവ വിൽക്കുന്ന സംരംഭം.

**കുട്ടമ്പുഴ സഫാരി**

കുട്ടമ്പുഴ, ഫോൺ : 9846667907

കുട്ടമ്പുഴയുടെ കാനന സൗന്ദര്യവും സാംസ്കാരിക വൈവിധ്യവും ആസ്വദിക്കാൻ വിനോദവിജ്ഞാന യാത്രാ പദ്ധതി ഒരുക്കുന്നു.



**അതിജീവനത്തിന്റെ വരതിളക്കം**
(രതീഷ് പുഷ്കരൻ)
ഫോൺ- 9526999425

രണ്ടര വയസ്സിൽ പോളിയോ ബാധിച്ച് കാലുകൾ തളർന്ന രതീഷ് പുഷ്കരൻ ചിത്രങ്ങൾ വരച്ച് വിൽപ്പന നടത്തുന്നു.

**നിള ഹെർബൽസ്**
ഫോൺ-8281362077

കൊടുവേലിപടി, കൂവപ്പടി. സോപ്പ്, ഷാംപൂ, ഫെയ്സ് വാഷ്, വേദനയ്ക്കുള്ള തൈലം, ഹെർബൽ ഓയിൽ എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സംരംഭം.

**മിനി ചാക്കപ്പൻ**
കുറ്റിപ്പുഴ, കുന്നുകര,
ഫോൺ- 9747481129

പേപ്പർ സീഡ് പേനയും കുടയും ഉണ്ടാക്കി വിൽക്കുകയും ഓൺലൈൻ ആയി വസ്ത്രങ്ങൾ കരകൗശല വസ്തുക്കൾ റീ സെയിൽ ചെയ്യുന്ന സംരംഭം.

**ക്ലേ ക്രാഫ്റ്റ്**
നോർത്ത് പറവൂർ, ഫോൺ: 8606574861

വിവിധതരം ക്ലേ പോട്ടുകൾ,ശില്പങ്ങൾ തുടങ്ങിയവ നിർമിക്കുന്ന സംരംഭം.

**ക്ലെസ്റ്റവെഞ്ചേഴ്സ്**
പൂതൃക, ഫോൺ : 916238606277

കർപ്പൂരം നിർമ്മാണമാണ് യൂണിറ്റ്.

## എങ്ങനെ ഗുണഭോക്താവാകാം .

താല്പര്യമുള്ള അപേക്ഷകർ കേരള ചിക്കൻ വെബ്സൈറ്റിൽ (www.keralachicken.org.in) നിന്ന് ലഭ്യമാകുന്ന ഫോറങ്ങൾ ( കേരള ചിക്കൻ ഫാം രൂപീകരണ ഫോറം, അയൽക്കൂട്ട ശുപാർശ ഫോറം, എ.ഡി.എസ് ശുപാർശ ഫോറം , ബ്ലോക്ക് കോഓർഡിനേറ്ററുടെ ശുപാർശ ഫോറം) പൂരിപ്പിച്ച് സി.ഡി.എസ്സിൽ സമർപ്പിക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശത്തിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇന്റഗ്രേഷനായി തിരഞ്ഞെടുക്കപ്പെടുന്ന ഫാമുകളുടെ അപേക്ഷകർ ഏത് സി.ഡി.എസ്സിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത് ഈ സി.ഡി.എസ്സിൽ AH - ME ഫാം യൂണിറ്റായി രജിസ്റ്റർ ചെയ്യണം.

അപേക്ഷകർ ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് മറ്റു സി.ഡി. എസ്സിൽ ആണെങ്കിൽ മേൽ പറഞ്ഞ ഫോറങ്ങൾ കൂടാതെ ഫാം ആരംഭിക്കുവാൻ പോകുന്ന സി.ഡി.എസ്സിൽ നിന്നുള്ള NOCയോടു കൂടി അപേക്ഷ സ്വന്തം സി.ഡി.എസ്സിൽ സമർപ്പിക്കേണ്ടതാണ്.

| Sl No | | Address | Outlet Contact Number | Secondary Contact Number |
|---|---|---|---|---|
| | | **തിരുവനന്തപുരം** | | |
| 1 | സന്ധ്യ എൻ എസ് | തണ്ട്രാംപൊയ്ക<br>വെഞ്ഞാറമൂട്<br>തിരുവനന്തപുരം 695607 | 9562074008 | 9562074008 |
| 2 | തനൂജ | മാണിക്കൽ<br>(മാണിക്കൽ<br>ജുമാമസ്ജിദിന് സമീപം)<br>പുല്ലൻപാറ പഞ്ചായത്ത്<br>വാമനപുരം<br>വെഞ്ഞാറമൂട് 695607 | 9496369440 | 9496369440 |
| 3 | ഗീത എം | കല്ലിക്കൽ ജംഗ്ഷൻ<br>ശങ്കരനാരായണകോളേജ്<br>ലാലൂർക്കാവ് നഗരൂർ,<br>ആറ്റിങ്ങൽ, 695102 | 6282178762 | 6282178762<br>9995127271 |




# ഗുണമേന്മയോടെ കേരള ചിക്കൻ

കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ബ്രോയിലർ ചിക്കൻ മാംസം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കേരളസർക്കാർ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് കുടുംബശ്രീ-കേരള ചിക്കൻ. മൃഗസംരക്ഷണവകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ 2017 നവംബറിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം കേരളസർക്കാർ കുടുംബശ്രീ ശൃംഖലയുടെ പിന്തുണയോടെ കേരളത്തിലുടനീളം ബ്രോയിലർ ചിക്കൻ ഫാമുകൾ സ്ഥാപിക്കുക, ബ്രീഡർ യൂണിറ്റുകൾ, ഹാച്ചറീസ് ഫീഡ് സപ്ലൈ യൂണിറ്റുകൾ, അറവുശാലകൾ, ബ്ലാസ്റ്റ് ഫ്രീസറുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, ശീതീകരണസംഭരണികൾ, വിപണനം എന്നിവ നടത്തുന്നു.

## കോഴിക്കോട്

**അതിഥി സ്റ്റിഫ് ആൻഡ് സ്റ്റൈൽ**

വില്യാപ്പള്ളി, ഫോൺ : 9562520816

തുണിത്തരങ്ങൾക്ക് കൂടുതൽ തിളക്കവും ഗുണ നിലവാരവും നിറവും ഭംഗിയും നൽകുന്നതിനായി പുറത്തിറക്കുന്ന ഉൽപ്പന്നം.

**നാച്ചുറൽ ഹെൽത്ത് കെയർ & ഡയബറ്റിക് ഫുഡ്**

കായണ്ണ, കോഴിക്കോട്, ഫോൺ : 9947489629

ആരോഗ്യസംരക്ഷണത്തിനായി പോഷകസമൃദ്ധമായ ഭക്ഷ്യ മിശ്രിതം നിർമ്മിക്കുന്ന സംരംഭം.

**അംബാലിക ഹാൻറിക്രാഫ്റ്റ്സ്**

ഫോൺ – 8547157936

നെറ്റിപ്പട്ടം തുടങ്ങി നിരവധി കരകൗശല വസ്തുക്കൾ നിർമിക്കുന്നു.

**ഹരിയാലി**

വടകര, ഫോൺ -7034614885, 8943729393

ഹരിതകർമ സേന, ഗ്രീൻ ഷോപ്പ്, സ്വാപ്പ് ഷോപ്പ്, റെന്റ് ഷോപ്പ്, ഗ്രീൻ ആർമി, ബ്രിക്സ് ആൻഡ് ടൈൽ യൂണിറ്റ് തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം.

**കരുണ കഫേ**

കോഴിക്കോട് നോർത്ത്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്

ഫോൺ -8848321172

സിവിൽ സ്റ്റേഷൻ ജീവനക്കാർക്കും,



പൊതുജനങ്ങൾക്കും ഒരുപോലെ ഭക്ഷണം വിതരണം ചെയ്യുന്നു.

**നിർമാല്യം ഗോൾഡ്**
ചെറുവണ്ണൂർ, കോഴിക്കോട് സൗത്ത്
ഫോൺ -9744461099
മാല,വള, നെക്ലേസ്, മോതിരം തുടങ്ങി വിവിധ തരം ആഭരണങ്ങൾ നിർമ്മിക്കുന്നു.

**ഷീ ഹോംസ്**
ഫോൺ : 0495 402 2207,7947271835 www.shehomes.in
സ്ത്രീകൾക്കായി കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഭക്ഷണം ഉൾപ്പെടെ മികച്ച ഹോസ്റ്റൽ സംവിധാനം ഒരുക്കുന്ന സംരംഭം.

**സ്വരലയം ശിങ്കാരിമേളം**
കുരുവട്ടൂർ,കോഴിക്കോട്
ഫോൺ -9946948218
ശിങ്കാരിമേളത്തെ സംരംഭമാക്കിയ 22 അംഗ സംരംഭം

**വി സൈൻ സുംബ ആൻഡ് ഫിറ്റ്നസ് സെന്റർ**
പനങ്ങാട്, കോഴിക്കോട്, ഫോൺ -9645320094.

## മലപ്പുറം

**ആന്റ് ഔട്ട് പ്രോഡക്റ്റ്**
അരീക്കോട്, മലപ്പുറം,ഫോൺ -9745170566
കുറഞ്ഞ ചെലവിൽ ഉറുമ്പ്, ചിതൽ എന്നിവയെ തുരത്തുന്ന ഉൽപ്പന്നം നിർമ്മിക്കുന്നു.

**വൈറ്റ് സ്റ്റാർ ഹോം സ്റ്റേ**
ബാലാതിരുത്തി, വള്ളിക്കുന്ന്, ഫോൺ :+91 9605887281
വിനോദ സഞ്ചാരികൾക്ക് കപ്പ, മീൻ കറി, ചിക്കൻ കറി, കരി മീൻ, ചോറ്, സ്നാക്സ്, ഞണ്ട് കറി എന്നിവ അടങ്ങുന്ന ഭക്ഷണങ്ങളും, റൂം സൗകര്യം, തോണി യാത്ര എന്നി സേവനങ്ങളും നൽകുന്നു.

**കാരാടൻ വെളുത്തുള്ളി യൂണിറ്റ്**
വേങ്ങര, മൊബൈൽ: 9744331752
വെളുത്തുള്ളി തൊലി കളഞ്ഞു പായ്ക്ക് ചെയ്തു വിതരണം ചെയ്യുന്നു.

**നിശാഗന്ധി യോഗ & ട്യൂഷൻ സെന്റർ കോഡൂർ**




# തൊഴിലന്വേഷകർക്ക് ജാലകം വഴി രജിസ്റ്റർ ചെയ്യാം

**https://knowledgemission.kerala.gov.in/login.jsp**

തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും കുടുംബശ്രീ 'ജാലകം' എന്ന പേരിൽ 'മൊബൈൽ ആപ്ലിക്കേഷൻ തയ്യാറായി. സംസ്ഥാനത്തെ 80 ലക്ഷം വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 18 നും 59 നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ ശേഖരിക്കുന്നത്.

കേരള വിജ്ഞാന മിഷനുമായി സഹകരിച്ച് നടപ്പാക്കുന്ന 'എന്റെ ജോലി എന്റെ അഭിമാനം' കാമ്പയിന്റെ ഭാഗമായി ആരംഭിച്ച സർവേ നടപ്പാക്കുന്നതിനൊപ്പം, തൊഴിലുടമകളെയും തൊഴിലന്വേഷകരെയും ബന്ധിപ്പിക്കുന്നതിനായി വികസിപ്പിച്ചെടുത്ത ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ഡിഡബ്ല്യുഎംഎസ്) ഗുണഭോക്താക്കൾക്ക് അവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്താനും കുടുംബശ്രീ പ്രവർത്തകർ സഹായിക്കും.

മികച്ച വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും മികച്ച തൊഴിലവസരങ്ങൾ ലഭിക്കാത്തവർ, വിവിധ കാരണങ്ങളാൽ ജോലിയിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്ന സ്ത്രീകൾ, കൊവിഡ് 19 മഹാമാരിയുടെ പ്രതിസന്ധിയിൽ ജോലി നഷ്ടപ്പെട്ട വിദ്യാസമ്പന്നർ തുടങ്ങിയവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിപ്രകാരം ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ പേര് രേഖപ്പെടുത്തേണ്ട ലിങ്ക്. https://knowledgemission.kerala.gov.in/login.jsp

തന്നെ വിപണനം ചെയ്യാനുള്ള അവസരമൊരുക്കുക, ഏകീകൃതമായ മാതൃകയിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക അതുവഴി കുടുംബശ്രീ ബ്രാൻഡ് ജനപ്രിയമാക്കുക, ഇത്തരം സ്ഥിരവിപണന കേന്ദ്രങ്ങളിലൂടെ സംരംഭകർക്ക് സാമ്പത്തികവും സാമൂഹികവുമായുള്ള ഉന്നമനം ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

## കുടുംബശ്രീ ബസാർ

ജില്ലയിലെ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുക, സ്ഥിരം വിപണനത്തിന് വേദി ഒരുക്കുക, സുസ്ഥിരമായ ഉൽപ്പാദനവും ലഭ്യതയും ഉറപ്പുവരുത്തുക, സംരംഭങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിലേയ്ക്ക് നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ മിഷൻ സ്ഥാപിക്കുന്ന സ്ഥിരവിപണന കേന്ദ്രങ്ങളാണ് കുടുംബശ്രീ ബസാർ. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഏറിവരുന്ന സ്വീകാര്യത, സംരംഭകർക്ക് ഉൽപ്പന്നങ്ങൾ യഥേഷ്ടം വിൽപന നടത്താനുള്ള സ്ഥിരം കേന്ദ്രങ്ങളുടെ അപര്യാപ്തത എന്നിവ കുടുംബശ്രീ ബസാർ എന്ന ആവശ്യത്തിന് ആക്കം കൂട്ടുന്നു. സ്ഥിരമായ വിപണന സാധ്യതകളാണ് കൂടുതൽ ഉൽപ്പാദകരെ വളർത്തുന്നതും പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുന്നതും. ആധുനിക കേരളത്തിൽ കുടുംബശ്രീയുടെ നാഴികക്കല്ലായി നിലനിൽക്കാനുതകുന്ന സ്ഥിരവിപണന കേന്ദ്രങ്ങളാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

## നാനോമാർക്കറ്റ്

പ്രാദേശിക കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി വിവിധ സർക്കാർ - ഇതര സ്ഥാപനങ്ങൾ, പഞ്ചായത്ത്/കോർപറേഷൻ ഓഫീസുകൾ, പ്രാദേശിക സൂപ്പർ മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഷെൽഫ് സ്പേസ്/ അലമാരയാണ് നാനോ മാർക്കറ്റുകൾ. കുടുംബശ്രീ സംരംഭകർക്ക് പ്രാദേശിക വിപണി ഒരുക്കുക, സംരംഭകരുടെ ഉൽപ്പാദനശേഷി വർധിപ്പിക്കുക, കൂടുതൽ സാമ്പത്തികലാഭം ലഭ്യമാക്കുക, വിഷരഹിത ഉൽപ്പന്നങ്ങൾ കൂടുതൽ വിപണിയിൽ എത്തിക്കുക, കൂടുതൽ സംരംഭകരെ സൃഷ്ടിക്കുക തുടങ്ങിയ ബൃഹത്തായ ലക്ഷ്യങ്ങളാണ് നാനോ മാർക്കറ്റുകൾ വിഭാവനം ചെയ്യുന്നത്. കേരളത്തിൽ വിവിധ ജില്ലകളിലായി 616 നാനോ മാർക്കറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

ഫോൺ: +91 94975 88575

യോഗ പരിശീലനവും ഫോണീക്സ് എ പ്ലസ് ട്യൂഷൻ സെന്ററും ഉൾപ്പെടുന്ന സംരംഭം.

**മുന്നാസ് ബേബി പ്രോഡക്ട്**

വളവന്നൂർ,ഫോൺ : 9605896406

കുഞ്ഞുങ്ങൾക്കുള്ള ബെഡ്, തൊട്ടിൽ, ഷെൽഫ്, ഉടുപ്പ്, ഷൂ, ഹെയർബോ എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ.

## വയനാട്

**ബി ബി എസ് ഗ്രൂപ്പുകൾ**

പനമരം, പൂതാടി, ഫോൺ : 9744301028

ചിപ്സ് നിർമ്മാണയൂണിറ്റ്. ഓണക്കിറ്റിൽ ഇവിടെ നിന്നുള്ള ചിപ്സും ശർക്കര വരട്ടിയും ഉൾപ്പെട്ടിരുന്നു.



**എ കെ ചിപ്സ്**

പരിയാരമുക്ക്, വെള്ളമുണ്ട, ഫോൺ: 8281514300

ചിപ്സ് നിർമ്മാണ യൂണിറ്റ്. വിവിധ തരം അച്ചാറുകളും നിർമ്മിക്കുന്നു.

**ത്രീ സ്റ്റാർ ബുക്ക് ബൈൻഡിങ് സെന്റർ**

വേളാങ്കണ്ണി കോംപ്ലക്സ്, മൈസൂർറോഡ്, മാനന്തവാടി, ഫോൺ : 9496657962

പ്രൊജക്റ്റ് ടൈപ്പിംഗ്, ബുക്ക് ബൈൻഡിങ്, ഫോട്ടോസ്റ്റാറ്റ്, വിസിറ്റ്കാർഡ് തുടങ്ങി പ്രസ് അനുബന്ധമായ സേവനങ്ങൾ നൽകുന്നു.

**ശ്രീദീപം കൺസ്ട്രക്ഷൻ ഗ്രൂപ്പ്**

മാനന്തവാടി, ഫോൺ : 9947716055

കൺസ്ട്രക്ഷൻ ജോലികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നു.


**ഫീനിക്സ് ജൈവ വള യൂണിറ്റ്**

പനമരം, ഫോൺ : 7012010749

വിവിധ ഇനം പച്ചക്കറി തൈകളും, ഫലവൃക്ഷ തൈകളും, ജീവൻ ഓർഗാനിക് ബൂസ്റ്ററും വിൽപ്പന നടത്തുന്നു. നഴ്സറിയും യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

**വയനാട് ബീ ഗാർഡൻ റോയൽ ഹണി**

പനമരം, തേൻ ഉൽപ്പാദന വിപണന സംരംഭം, ഫോൺ : 7306735830



**വിശ്വകല ടെയിലറിങ് യൂണിറ്റ്**

സുൽത്താൻ ബത്തേരി, ഫോൺ : 9744742325

വിവിധതരം വസ്ത്രങ്ങളുടെ നിർമ്മാണം, തയ്യൽ പരിശീലനം എന്നിവ.

**സംഗമം ബേക്കറി യൂണിറ്റ്**

ചീരാൽ, ചീരാൽതാഴത്തൂർ, ഫോൺ : 9961461024

അച്ചപ്പം, കുഴലപ്പം, അവലോസുണ്ട, അവലോസുപൊടി, ഓലവാ, ആറാം നമ്പർ, മിക്സർ, മസാലക്കടല, ചിപ്പ്സ്, തുടങ്ങി എല്ലാതരം ബേക്കറി ഉൽപ്പന്നങ്ങളുടെയും ഹോൾസെയിൽ, റീറ്റെയ്ൽ നിർമ്മാണ - വിപണന യൂണിറ്റ്.

**ലേഡീസ് ടൈലറിംഗ്**

കണിയമ്പറ്റ, ഫോൺ : 6238402879

കോട്ടൺ ബാഗുകളും, ബിഗ് ഷോപ്പിംഗ് ബാഗുകളും, മാസ്ക് തുടങ്ങിയവ നിർമ്മിച്ചു നൽകുന്ന സംരംഭം.

**എച്ച്.എസ്. പ്രോഡക്റ്റ്സ്**

കുപ്പാടി പി.ഒ, ഫോൺ : 9037658931

പേപ്പർ പേന, കുട തുടങ്ങിയവ നിർമിച്ചു വിപണനം നടത്തുന്ന സംരംഭം.

ജില്ലാ/സംസ്ഥാന തലങ്ങളിലും അന്തർദേശീയ തലങ്ങളിലും കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ സംഘടിപ്പിക്കാറുണ്ട്.

## കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ് വർക്ക് (ഹോംഷോപ്പ്)

പ്രാദേശികമായി കുടുംബശ്രീ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത വിതരണ വിപണന സംവിധാനം ഒരുക്കുന്നതാണ് കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് അഥവാ ഹോംഷോപ്പ്. കുടുംബശ്രീ ഉൽപ്പാദകർക്ക് കാര്യക്ഷമമായ ഒരു വിതരണ - വിപണന ശൃംഖല സൃഷ്ടിക്കുക വഴി കുടുംബശ്രീ സംരംഭകർക്ക്/ വനിതകൾക്ക് തൊഴിലും സ്ഥിരവരുമാനവും ലഭ്യമാക്കുക, ഉപഭോക്താക്കൾക്ക് ഗുണനിലവാരവും ന്യായവിലയുമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുക എന്നിവയാണ് സുപ്രധാനലക്ഷ്യങ്ങൾ.

## മാർക്കറ്റിംഗ് കിയോസ്ക്

കുടുംബശ്രീ സൂക്ഷ്മസംരംഭകരുടെ ഉൽപ്പന്നങ്ങൾ പ്രാദേശിക വിപണിയിൽ സുലഭമാക്കുക, ഉപഭോക്താക്കൾക്ക് കുടുംബശ്രീ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭ്യമാക്കുക, സംരംഭങ്ങളുടെ ഉൽപ്പാദന ശേഷിയും നിലവാരവും ക്രമേണ ഉയർത്തുക, കുടുംബശ്രീ ഏകീകൃത റീട്ടെയിൽ ചെയിൻ എന്ന ആശയം നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ്മേഖലകൾ, വിപണന സാധ്യതയുള്ള സ്ഥലങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന കിയോസ്ക്കുകൾ ആരംഭിക്കുവാൻ 2019-20 ൽ പദ്ധതിയിടുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ നിലവിൽ പ്രവർത്തിക്കുന്നവ ഉൾപ്പടെ 100 കിയോസ്ക്കുകൾ സംസ്ഥാനത്താകമാനം പ്രവർത്തിപ്പിക്കാനും, ഇതിന്റെ ഗുണഫലം 2000 സംരംഭകർക്കെങ്കിലും ലഭ്യമാക്കാനും, ഇതിലൂടെ ഒരു കോടി രൂപയുടെ വരുമാനം സംരംഭകർക്ക് നേടിക്കൊടുക്കാനുമാണ് ലക്ഷ്യമിടുന്നത്.

## കുടുംബശ്രീ ഔട്ട് ലെറ്റുകൾ

പ്രാദേശിക കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ജില്ലകളിൽ ബ്ലോക്ക്/യു.എൽ.ബി തലത്തിൽ സ്ഥാപിക്കപ്പെടുന്ന സ്ഥിരവിപണന കേന്ദ്രങ്ങളാണ് കുടുംബശ്രീ ഔട്ട് ലെറ്റുകൾ വിപണന സാധ്യതയുള്ള മാസചന്തകളുടെ നവീകരണം, വിപണന സാധ്യതയുള്ള പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് ഔട്ട് ലെറ്റുകൾക്ക് പദ്ധതിയിടുന്നത്. പ്രാദേശിക സംരംഭകരുടെ ഉൽപ്പന്നങ്ങൾ പ്രാദേശികമായി

സാധൂകരിക്കുന്നതിനുമായി കുടുംബശ്രീ അതിന്റെ സംഘടനാ സംവിധാനത്തിലൂടെ സാധ്യമാക്കുന്ന വിപണന വേദിയാണ് മാസച്ചന്തകൾ. എല്ലാ മാസവും സി.ഡി.എസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഒരേ തീയതികളിൽ മൂന്നു മുതൽ അഞ്ച് ദിവസം വരെ നീണ്ടുനിൽക്കുന്ന പഞ്ചായത്ത് / ബ്ലോക്ക് / നഗരസഭാതല വിപണന മേളകളാണ് മാസച്ചന്തകൾ. കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾ / ജെ.എൽ.ജികൾ / സി.ഐ.ജി എന്നിവയിൽ വിപണനാവസരം പ്രാദേശികമായി തന്നെ ലഭ്യമാക്കുന്നതിനാണ് മാസച്ചന്തകൾ സംഘടിപ്പിക്കുന്നത്. 245 സ്ഥലങ്ങളിൽ കുടുംബശ്രീ മാസച്ചന്തകൾ സംഘടിപ്പിച്ചുവരുന്നു.

## വിപണന മേളകൾ

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഏറ്റവുമധികം ചെലവഴിക്കപ്പെടുന്ന വിപണന മാർഗമാണ് മേളകൾ. പ്രാദേശിക/ജില്ലാ/സംസ്ഥാന തലങ്ങളിൽ നടക്കുന്ന വിപണന മേളകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രവർത്തനവും വിപണനവും ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ അവലംബിക്കുന്ന മാർഗമാണ് വിപണനമേളകൾ. ഓണം, ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ചും കേരളത്തിലെ ഉത്സവക്കാലങ്ങളോടനുബന്ധിച്ചും കുടുംബശ്രീ വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. ഗ്രാമവികസന മന്ത്രാലയം ഇന്ത്യാ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ മുതലായവ സംഘടിപ്പിക്കുന്ന ദേശീയ അന്തർദേശീയ വിപണന മേളകളിലും സരസ് മേളകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശനത്തിനും വിപണനത്തിനുമായി സജ്ജീകരിക്കാറുണ്ട്.

## ഫുഡ് ഫെസ്റ്റ്

കുടുംബശ്രീ കാറ്ററിങ് യൂണിറ്റുകളുടെ മാതൃ ബ്രാൻഡായ കഫേ കുടുംബശ്രീ, ഭക്ഷ്യമേളകൾ എന്ന നിലയിൽ പ്രശസ്തമാണ്. കുടുംബശ്രീ കാറ്ററിങ് യൂണിറ്റുകൾക്ക് സ്കിൽ ട്രെയിനിങ്, പെർഫോമൻസ്, ഇംപ്രൂവ്മെന്റ് ട്രെയിനിങ്, ഓൺ ദ ജോബ് ട്രെയിനിങ് മുതലായവ ലഭ്യമാക്കുന്നതിനും പങ്കാളിത്തത്തിലൂടെ മികച്ച വരുമാനം നേടിക്കൊണ്ട് പ്രവർത്തന മൂലധനവും ഉപഭോക്തൃ പ്രശംസയും നേടി സ്വയം പ്രവർത്തിക്കാനുള്ള ശേഷി നേടിക്കൊടുക്കുന്നതിനും ഉപഭോക്താക്കൾക്ക് ആരോഗ്യകരവും രുചിയുമുള്ള തനത് വിഭവങ്ങൾ നൽകുന്നതിനുമായി കുടുംബശ്രീ കാറ്ററിങ്/ഫുഡ് സെക്ടറിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രവർത്തന ഇടപെടലുകളാണ് കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ.

# കണ്ണൂർ

**വനിത സെക്യൂരിറ്റി ടീം**

പയ്യന്നൂർ, ഫോൺ: 7902537824

വനിതകൾക്ക് പരിശീലനം നല്കി സെക്യൂരിറ്റി ജോലിയ്ക്ക് പ്രാപ്തരാക്കുന്നു.

**പാർക്കിംഗ് ടീം**

ഗവൺമെന്റ് മെഡിക്കൽ കോളേജ് പരിയാരം, ഫോൺ: 9744102503

കണ്ണൂർ മെഡിക്കൽകോളേജ് ആശുപത്രിയിൽ പേ പാർക്കിംഗ് സൗകര്യം ഒരുക്കിനൽകുന്നു.

**ആദി കുട**

ആറളം, ഫോൺ- 7034933433

കുട നിർമ്മാണ -പരിശീലന യൂണിറ്റ്.

**ഗ്രേസ് ഇന്നർ വെയർ യൂണിറ്റ്**

പിണറായി, ഫോൺ- 9526619616

വിവിധയിനം ഇന്നർവെയറുകൾ നിർമ്മിക്കുന്നു.

**പവർ പ്ലസ് ഹെർബൽസ്**

ഇരിക്കൂർ, ഫോൺ- 9562858523

നായ്ക്കുരണ പരിപ്പ്പൊടി & അശ്വഗന്ധ എന്നിവയിൽ നിന്നും തയ്യാറാക്കുന്ന ആയുർവേദ ഔഷധത്തിന്റെ നിർമ്മാണവും വിപണനവും.

**പെട്ടിക്കട**


ചിറക്കൽ, ഫോൺ: 9895328023

പെട്ടിക്കട നിർമ്മിച്ചു നൽകുകയും, പെട്ടിക്കടയിൽ വിൽപ്പന നടത്താൻ ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്യുന്നു.

**ഇസഡ് ലൈറ്റ് എൽ.ഇ.ഡി ബൾബ് യൂണിറ്റ്**

പന്ന്യന്നൂർ, ഫോൺ: 9895650784

എൽ.ഇ.ഡി ലൈറ്റ് നിർമ്മാണ യൂണിറ്റ്.



**മുണ്ടേരി റൈസ്**

മുണ്ടേരി, ഫോൺ– 9746206055

കർഷകരിൽ നിന്നും ന്യായവിലയ്ക്ക് നെല്ല് വാങ്ങി അരിയാക്കി വിൽപ്പന നടത്തുന്ന യൂണിറ്റ്.

**വരമൊഴി സി.ഐ.ബി (സിമന്റ് കട്ട നിർമാണ) യൂണിറ്റ്**

ഉദയഗിരി, ഫോൺ– 7902247823

സിമന്റ് കട്ടകളും ഇൻഫോർമേഷൻ ബോർഡും നിർമ്മിക്കുന്നു.

**മെരാകി കുർത്തീസ്**

കണ്ണൂർ, ഫോൺ– 8281709388

ബ്രാൻഡഡ് ലേഡീസ് കുർത്തികൾ നിർമ്മിക്കുന്നു

## കാസർഗോഡ്

**നിഷ് പ്രോഡക്ട്സ്**

അജാനൂർ, ഫോൺ :7559070408

ഹെയർഓയിൽ ബാത്ത്സോപ്പ് എന്നിവ നിർമ്മിക്കുന്ന സംരംഭം

**ടി.ബി.കെ സാനിറ്ററി ക്ലോത് പാഡ്**

ഫോൺ : 9188695774

പൂർണമായും ഓർഗാനിക് കോട്ടൺ പാഡ് നിർമ്മാണ യൂണിറ്റ്.

**അക്ഷര പ്രിന്റിംഗ് പ്രസ്സ്**

കുറ്റിക്കോൽ, കാസർഗോഡ്, ഫോൺ :9539659003

കുറ്റിക്കോൽ സി.ഡി.എസിനു കീഴിൽ പ്രവർത്തിക്കുന്ന പ്രിന്റിംഗ് പ്രസ്സ് യൂണിറ്റ്.

**കാനത്തൂർ അഗർബത്തീസ്**

ഫോൺ : 7034929399

മുളിയാർ, കാസർഗോഡ്

ചന്ദനത്തിരികൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സംരംഭം.

**ഗ്രാമകിരണം യൂണിറ്റ്**

ഫോൺ : 9544711922, 9497391795

എൽഇഡി ബൾബ് നിർമ്മാണവും അതിന്റെ സേവനങ്ങളും ഉറപ്പു വരുത്തുന്നു.

**ബട്ടർഫ്ളൈ ഹാൻഡ്‌ലൂംസ് ഫ്ളോർമാറ്റ്**

ഫോൺ : 9656527219

വിവിധതരം ചവിട്ടികളുടെ നിർമ്മാണം

### ജീവ (ജെ.എൽ.ജി ഇവാലുവേഷൻ ഏജന്റ്)

ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ തിരഞ്ഞെടുത്തിട്ടുള്ള വ്യക്തികളാണ് ജെ.എൽ.ജി ഇവാലുവേഷൻ ഏജന്റ്. കേരളത്തിലെ എല്ലാ ബ്ലോക്കുകളിൽ നിന്നും നാലു പേരെ വീതം തെരഞ്ഞെടുക്കുകയും ഇവർ ജില്ലാതലത്തിൽ ഗ്രൂപ്പായി രജിസ്റ്റർ ചെയ്തുമാണ് പ്രവർത്തിക്കുന്നത്. ജീവ സംഘകൃഷി സംഘങ്ങളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെകുറിച്ച് പഠിയ്ക്കുകയും ചെയ്യുന്നു. ജീവ സന്ദർശനം പൂർത്തിയാകുന്ന മുറയ്ക്ക് നിലവിൽ കൃഷിചെയ്യുന്ന സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കുന്നു




*കുടുംബശ്രീയുടെ സംരംഭങ്ങൾക്ക് പ്രാദേശികമായി അനേകം വിപണനാവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.വിപണന മേളകൾ, മാസച്ചന്തകൾ, ഫുഡ് ഫെസ്റ്റ്, ഹോംഷോപ്പുകൾ, മാർക്കറ്റിംഗ് കിയോസ്ക് എന്നിങ്ങനെ വിപുലമായ വിപണനാവസരങ്ങളെക്കുറിച്ച്...*

### മാസച്ചന്തകൾ

കുടുംബശ്രീ സംരംഭങ്ങൾക്ക് പ്രാദേശികമായി വിപണനാവസരങ്ങൾ തയ്യാറാക്കി നൽകുന്നതിനായി കുടുംബശ്രീ സംരംഭ വികസനത്തിന്റെ അടിസ്ഥാന ശിലയായ പ്രാദേശിക സാമ്പത്തിക വികസനമെന്ന ആശയം

മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതി. കുടുബശ്രീ സംഘകൃഷി യൂണിറ്റുകൾക്ക് അപേക്ഷിക്കാം.

### ബാങ്ക് ലിങ്കേജ്

നബാർഡിന്റെ മാർഗ്ഗ നിർദേശപ്രകാരം ഗ്രേഡ് ചെയ്യപ്പെട്ട സംഘകൃഷി ഗ്രൂപ്പുകളെ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലൂടെ ബാങ്കുമായി ബന്ധിപ്പിച്ച് വായ്പ ലഭ്യമാക്കുന്നുണ്ട്. പ്രവർത്തനം ആരംഭിച്ചു ആറു മാസം കഴിഞ്ഞതും കൃഷിയിൽ സജീവമായി പ്രവർത്തിക്കുന്നതുമായ ജെ എൽ ജി കൾക്കാണ് സാമ്പത്തിക പിന്തുണ നൽകുന്നത്. ജെ എൽ ജി കൾക്ക് പലിശ സബ്സിഡിയുമുണ്ടാകും. ഒരു ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് അഞ്ചു ശതമാനമാണ് പലിശ ഇളവ് നൽകുന്നത്.

### കാർഷിക ഇൻസെന്റീവുകൾ

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി കുടുംബശ്രീ വനിതാകർഷകർക്കു പ്രോത്സാഹനമായി നൽകുന്ന സഹായമാണ് ഏരിയ ഇൻസെന്റീവുകൾ. ഇതനുസരിച്ച് ഒന്നിലധികം സീസണുകളിൽ എത്ര വിളകൾ കൃഷി ചെയ്താലും വർഷത്തിൽ ഒരു തവണ മാത്രമേ ഒരു ഗ്രൂപ്പിന് ഇൻസെന്റീവുകൾ അനുവദിക്കുകയുള്ളു. ബാങ്ക് ലിങ്കേജ് വഴി ലോൺ എടുത്തിട്ടുള്ളവർക്കുമാത്രമേ ഇൻസെന്റീവ് അനുവദിക്കൂ.

### കാർഷിക സഹായ കേന്ദ്രങ്ങൾ

കാർഷിക രംഗത്തെ സ്ത്രീ കർഷകർക്ക് ആധുനിക അറിവും വിജ്ഞാനവും നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാണ് കാർഷിക സഹായ കേന്ദ്രങ്ങൾ. ജെ എൽ ജി രജിസ്ട്രേഷൻ/അഫിലിയേഷൻ നടത്തേണ്ടത് എഫ് എഫ് സികളിലാണ്.

### മാസ്റ്റർ ഫാർമർ

ഫീൽഡ് തലത്തിൽ ജെ എൽ ജി കൾക്ക് വേണ്ട പിന്തുണാ സഹായത്തിനായി 20 ജെ എൽ ജി കൾക്ക് ഒരാൾ എന്ന നിലയിൽ തിരഞ്ഞെടുക്കുന്ന കർഷകയാണ് മാസ്റ്റർ ഫാർമർ. കർഷകർക്ക് വേണ്ട വിജ്ഞാനപ്രദമായ അറിവുകളും കാർഷിക സംബന്ധമായ മറ്റു സഹായങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്നതിനുള്ള കണ്ണികളായി മാസ്റ്റർ ഫാർമർമാർ പ്രവർത്തിക്കുന്നു.



# നിങ്ങൾക്കും സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാം

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് വ്യത്യസ്ത ഉപജീവനോപാധികൾ കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സ്വയംതൊഴിൽ സംരംഭങ്ങൾ കുടുംബശ്രീ വനിതകളോ കുടുംബാംഗങ്ങൾക്കോ തങ്ങളുടെ സംരംഭകത്വ വാസനയും തൊഴിൽ പരിജ്ഞാനത്തിനും അനുസരിച്ച് ആന്തരിക വായ്പയിലൂടെയോ ലിങ്കേജ് വായ്പയിലൂടെയോ കുടുംബശ്രീ പദ്ധതികളായ ആർഎംഇ, യുഎംഇ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിക്കാം. സംരംഭം തുടങ്ങാൻ താല്പര്യപ്പെടുന്ന വ്യക്തികൾക്കും തങ്ങളുടെ നിലവിലുള്ള തൊഴിൽ മേഖല വിപുലപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും അവരുടെ വ്യത്യസ്ത ആവശ്യങ്ങൾ പരിഗണിച്ച് പരിശീലനം, സാമ്പത്തിക സഹായം, വിപണന സംവിധാനം, ഹാൻഹോൾഡിംഗ് സപ്പോർട്ട് എന്നിവ കുടുംബശ്രീ മിഷൻ നൽകും.

സൂക്ഷ്മ സംരംഭം ആരംഭിക്കാൻ താത്പര്യപ്പെടുന്നവർ തങ്ങളുടെ സിഡിഎസ്സിൽ നിന്നും ലഭിക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ച് അനുബന്ധ രേഖകളും കുടുംബശ്രീ മിഷൻ സംഘടിപ്പിച്ചിട്ടുള്ള ജി.ഒ.റ്റി, ഇ.ഡി.പി., വൈദഗ്ദ്ധ്യ പരിശീലനങ്ങളിൽ പങ്കെടുത്തതിന്റെ പരിശീലന സർട്ടിഫിക്കറ്റും ഏതു സംരംഭമാണോ ആരംഭിക്കാൻ താൽപ്പര്യപ്പെടുന്നത് അത് സംബന്ധിച്ച വ്യക്തമായ പ്രോജക്ട് പ്ലാനും പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്ത് സിഡിഎസ്സിൽ സമർപ്പിക്കേണ്ടതാണ്.

സംരംഭം ആരംഭിക്കുന്നതിന് ബാങ്ക് വായ്പ എടുക്കേണ്ടി വരുന്ന പക്ഷം ആയതിനാനുപാതികമായ പലിശ സബ്സിഡി കുടുംബശ്രീ നൽകുന്നതായിരിക്കും. ഇപ്രകാരം പ്രോജക്ട് പ്ലാൻ തയ്യാറാക്കി ബാങ്കിൽ സമർപ്പിച്ച് ബാങ്ക് ലോൺ നേടുന്നതിനായി എം.ഇ.സി. സംവിധാനത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രോജക്ട് പ്ലാൻ തയ്യാറാക്കൽ, ബാങ്കിൽ സമർപ്പിച്ച് വായ്പ നേടിയെടുക്കൽ, സംരംഭകർക്കാവശ്യമായ ബിസിനസ്സ് കൗൺസിലിംഗ്, കണക്കെഴുത്ത് പരിശീലനം തുടങ്ങിയ യഥാവിധം നിർവ്വഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള പിന്തുണാസംവിധാനമാണ് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ. സംരംഭകരാകാൻ താത്പര്യമുള്ളവർക്ക് തങ്ങളുടെ സിഡിഎസ്സിന്റെ ചുമതലയുള്ള എം.ഇ.സി.യെ സമീപിച്ചാൽ സംരംഭം ആരംഭിക്കുന്നതിനുള്ള സഹായം ലഭിക്കുന്നതാണ്.



# കൃഷിയിലും...

## സംഘകൃഷി

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കി, കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാനമാർഗ്ഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. കുടുംബശ്രീയുടെ ആരംഭ കാലം മുതൽ ഉണ്ടായിരുന്ന പാട്ടക്കൃഷി വിപുലീകരിച്ചാണ് സംഘകൃഷി ആരംഭിച്ചത്.

കൃഷിയിൽ താൽപര്യമുള്ള നാല് മുതൽ 10 വരെ അയൽക്കൂട്ട വനിതകളെ ഉൾപ്പെടുത്തിയാണ് ഇതിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. കൃഷി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സംഘകൃഷി ഗ്രൂപ്പുകൾക്ക് കൂടുതൽ ധനസഹായവും സാങ്കേതികവുമായ സഹായങ്ങളും ലഭിക്കും.

## മഹിളാ കിസാൻ സശാക്തീകരൺ പരിയോജന

കൃഷിയിൽ സ്ത്രീപ്രാധാന്യം ഉറപ്പു വരുത്താനും കൂടുതൽ കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര വികസനം ഉറപ്പു വരുത്താനും ലക്ഷ്യമിട്ടുള്ള ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിപ്രകാരം 65,031 സംഘകൃഷി ഗ്രൂപ്പുകളാണ് പ്രവർത്തിക്കുന്നുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തിയും സംഘകൃഷി നടപ്പിലാക്കി വരുന്നു.

## എം.കെ.എസ്.പി. വാല്യു ചെയിൻ

മഹിളാ കിസാൻ സശാക്തീകരണൺ പരിയോജനയിലൂടെ കാർഷിക

നേരിടുന്നവർക്കും അതിജീവിച്ചവർക്കും അടിയന്തരഘട്ടത്തിൽ ആവശ്യമായ സാമൂഹിക മാനസിക പിന്തുണ നൽകാൻ വിജിലന്റ് ഗ്രൂപ്പ് പ്രവർത്തകർക്ക് സാധിക്കും.

### കമ്മ്യൂണിറ്റി കൗൺസിലിംഗ്

പ്രാദേശിക തലത്തിൽ മാനസിക പിന്തുണ സംവിധാനവും സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി കൗൺസിലർമാരെ പരിശീലനം നൽകി വിന്യസിച്ചു. മൂന്ന് സി.ഡി.എസ്സുകൾക്ക് ഒരാൾ എന്ന നിലയിൽ ആണ് കുടുംബശ്രീ അംഗങ്ങളിൽ നിന്നു തന്നെ കമ്മ്യൂണിറ്റി കൗൺസിലർമാരെ തിരഞ്ഞെടുത്തിരിക്കുന്നത്. 350 കമ്മ്യൂണിറ്റി കൗൺസിലർമാർ ആണ് ഇപ്പോൾ നിലവിലുള്ളത്. ഇവരുടെ സേവനം പ്രാദേശികമായി ലഭ്യമാക്കി വരുന്നതിനോടൊപ്പം തന്നെ ജെൻഡർ റിസോഴ്സ് സെന്ററുകളിലും രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രശ്നങ്ങളിൽ ആവശ്യമായ പിന്തുണയും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നൽകി വരുന്നു.

അവബോധ ക്ലാസ്സുകൾ, ഗ്രൂപ്പ് കൗൺസിലിങ്ങ് വ്യക്തിഗത കൗൺസിലിങ്ങ് എന്നിവ നൽകുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുമായി ചേർന്ന് പ്രവർത്തിക്കുന്നു . വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾക്ക് പ്രീ-മാരിറ്റൽ കൗൺസിലിംഗുകളും, ആരോഗ്യകരമായ ആൺ-പെൺ സൗഹൃദങ്ങൾ വളർന്നു വരുന്നതിനനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉതകുന്ന രീതിയിൽ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബഡ്സ് സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾ, വയോജനങ്ങൾ തുടങ്ങിയവർക്കുള്ള മാനസിക പിന്തുണ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ തുടങ്ങിയവയും ചെയ്തു വരുന്നു.

### രംഗശ്രീ

കേരളത്തിൽ ഉടനീളം പ്രവർത്തിക്കുന്ന സ്ത്രീകൾ മാത്രം അംഗങ്ങളായ തിയേറ്റർ ഗ്രൂപ്പുകൾ സ്ഥാപിക്കുകയും അതുവഴി സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ ഇടം കൂടുതൽ ശക്തമാക്കുകയും ചെയ്യുക എന്നതാണ് രംഗശ്രീയിലൂടെ ലക്ഷ്യമിടുന്നത്. സാംസ്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും,ജനോപകാരപ്രദമായ പരിപാടികളും ബോധവത്കരണവും നടത്തുന്നതിനും കുടുംബശ്രീ കമ്മ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീ ടീമുകളെ ഉപയോഗപ്പെടുത്തി വരുന്നു.

# സൂക്ഷ്മ സംരംഭകർക്ക് സാമ്പത്തിക സഹായങ്ങൾ

**യുവശ്രീ പദ്ധതി** : ഗ്രാമപ്രദേശങ്ങളിലെ 18 നും 45 വയസ്സിനും മധ്യേയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതി പ്രകാരം നൽകുന്നു.

**റൂറൽ മൈക്രോ എന്റർപ്രൈസസ്:** ഗ്രാമപ്രദേശങ്ങളിലെ 18നും 60 വയസ്സിനും മധ്യേയുള്ള സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതി പ്രകാരം നൽകുന്നു.

**ഗ്രൂപ്പ് സംരംഭം** – പരമാവധി 10 ലക്ഷം രൂപ വരെയുള്ള തുകയുടെ പലിശയ്ക്കു സമാനമായി പലിശ സബ്സിഡി ലഭിക്കും

**ടെക്നോളജി ഫണ്ട്** : വിജകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണത്തിലും അളവിലും മെച്ചപ്പെടുത്തുന്നതിന് ഉപയുക്തമാക്കുന്ന ആധുനിക സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും സ്വായത്തമാക്കുന്നതിനുള്ള ധനസഹായമാണ്.

**ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്** :വിജയകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണത്തിലും അളവിലും മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നവീകരിക്കുന്നതിനുള്ള അധിക ധനസഹായമാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

**ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്**:സൂക്ഷ്മ സംരംഭകരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുവേണ്ടി പലിശ രഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയെന്നതാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നത്.

**ഇന്നവേഷൻ ഫണ്ട്** : നൂതനമായ സംരംഭക ആശയങ്ങളുടെ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന സൂക്ഷ്മ സംരംഭങ്ങൾക്കും, തങ്ങളുടെ അടിസ്ഥാന സൗകര്യം, യന്ത്രസാമഗ്രികൾ, പ്രവർത്തന രീതി, പ്രവർത്തന മണ്ഡലം എന്നീ മേഖലകളിൽ നൂതനമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്ന നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾക്കും, തന്മൂലമുണ്ടാകുന്ന

ക്ലേശങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ധന സഹായം നൽകുന്നതിനാണ് ഇന്നവേഷൻ ഫണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

**രണ്ടാംഘട്ടധനസഹായം**: നിലവിലെ പ്രവർത്തനം അളവിലും വ്യാപ്തിയിലും വിപുലപ്പെടുത്തുവാൻ താത്പര്യമുള്ളതും എന്നാൽ കുറഞ്ഞത് മൂന്നു വർഷക്കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾക്ക്, വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട ധനസഹായം നൽകുന്നു

**റിവോൾവിംഗ് ഫണ്ട്**: നിലവിലുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്കാവശ്യമായ അധിക പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നതാണ് റിവോൾവിംഗ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ളതും എന്നാൽ കുറഞ്ഞത് ആറുമാസക്കാലമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭങ്ങൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നത്.

**സിക്ക് എം.ഇ റിവൈവൽ ഫണ്ട്** : സൂക്ഷ്മ സംരംഭങ്ങൾക്ക് അപ്രതീക്ഷിതമായി സംഭവിക്കുന്ന നാശനഷ്ടങ്ങളിലും പ്രതികൂല സാഹചര്യങ്ങളിലും സംഭവിക്കുന്ന സാമ്പത്തിക നഷ്ടം കാരണം സംരംഭ പ്രവർത്തനം നിലയ്ക്കുകയോ, മന്ദീഭവിക്കുകയോ ചെയ്താൽ അവയെ തിരികെ പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടു വരുന്നതിനായി തയ്യാറാക്കിയ ഒരു പ്രത്യേക കർമ്മപദ്ധതിയാണ് സിക്ക് എം.ഇ റിവൈവൽ ഫണ്ട്

**പ്രത്യാശ പദ്ധതി** : പാർശ്വവത്കൃത/അരക്ഷിത സമൂഹമായ ഭിന്നലിംഗക്കാർ, ഭിന്നശേഷിയുള്ളവർ, വികലാംഗർ, വയോജനങ്ങൾ ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായവർ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിനായാണ് പ്രത്യാശ പദ്ധതി.

## കുടുംബശ്രീ ഇൻസ്പയർ ഇൻഷുറൻസ്

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങളും, മഹാമാരിയും കുടുംബശ്രീ സംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അനിശ്ചിതത്വത്തിൽ നിന്ന് സംരംഭകരേയും സംരംഭത്തെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ഒരു ഇൻഷുറൻസ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കുടുംബശ്രീ സി ഡി എസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംരംഭങ്ങൾ/ സംരംഭകർക്ക് 50 % വാർഷിക പ്രീമിയം തുക അടയ്ക്കുന്നതിലൂടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയും. ഇതുവഴി പ്രകൃതി ക്ഷോഭമോ മറ്റു അപകടങ്ങളോ കൊണ്ട് സംരംഭത്തിനോ സംരംഭകർക്കോ ഉണ്ടാകാവുന്ന നാശനഷ്ടങ്ങൾ നികത്തുന്നതിനും കുടുംബശ്രീ അംഗങ്ങൾക്ക് (പ്രത്യേകിച്ചും സംരംഭകർ തിരഞ്ഞെടുത്തിരിക്കുന്ന മേഖല രോഗം, അപകടം എന്നിവയുണ്ടാകാൻ കൂടുതൽ സാധ്യതയുള്ളതാണെങ്കിൽ) ആരോഗ്യ ഇൻഷുറൻസ് ഉറപ്പാക്കാനും കഴിയും.

## ജെൻഡർ റിസോഴ്സ് സെന്റർ

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 14 ജില്ലകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 467 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.

## സ്നേഹിത കോളിംഗ് ബെൽ

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരേയും, മുതിർന്ന പൗരൻമാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളേയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് 'സ്നേഹിത കോളിംഗ് ബെൽ'. പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു താമസിക്കുന്ന സ്ത്രീകളുടെയും വൃദ്ധരുടെയും വിവരങ്ങൾ ശേഖരിക്കുകയും അയൽക്കൂട്ട അംഗങ്ങൾ ഇവരുമായി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2017–18 ൽ കാസർഗോഡ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ. 2018–19 ൽ പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തൽ, പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ, കമ്മ്യൂണിറ്റി കൗൺസിലറുടെയും സ്നേഹിതാ ഉദ്യോഗസ്ഥരുടേയും സ്ഥിരം സന്ദർശനം, പകൽ വീടുമായി ബന്ധപ്പെടുത്തൽ തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു.

## വിജിലന്റ് ഗ്രൂപ്പ്

അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന അഞ്ച് മുതൽ 10 വരെ അംഗങ്ങൾ ഉള്ള ഗ്രൂപ്പുകളാണ് വിജിലന്റ് ഗ്രൂപ്പ്. അതിക്രമങ്ങൾ ചൂഷണങ്ങൾ എന്നിവ നേരിടുന്നവർക്ക് കുടുംബശ്രീ സേവന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി ആവശ്യമായ സേവനങ്ങളും പിന്തുണയും നൽകുന്നതിനുള്ള സ്വയംസജ്ജ വാളണ്ടിയർ ഗ്രൂപ്പായാണ് ഇത് പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണ തലത്തിലുള്ള ജാഗ്രതാ സമിതികളുമായി സംയോജിച്ചാണ് ഗ്രൂപ്പിന്റെ പ്രവർത്തനം. പ്രശ്നങ്ങൾ



# ലിംഗനീതി ഉറപ്പാക്കാൻ

ലിംഗ നീതി ഉറപ്പാക്കുന്നതിനായി നിരവധി പരിപാടികളാണ് കുടുംബശ്രീ നടത്തിവരുന്നത്. പുതുതലമുറയിൽ ലിംഗസമത്വം ഉറപ്പാക്കാൻ സ്കൂളുകളിലും കോളേജുകളിലും കുടുംബശ്രീ ജെൻഡർ ക്ലബ്ബ് രൂപീകരിക്കുന്നതുവരെ എത്തിനിൽക്കുന്ന കുടുംബശ്രീ ജെൻഡർ പ്രവർത്തനങ്ങളെക്കുറിച്ച്.

## സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ നടക്കുന്ന അതിക്രമങ്ങളെ അതിജീവിച്ചവർക്കുള്ള പിന്തുണയും സഹായവും 24 മണിക്കൂറും ഉറപ്പുവരുത്തുന്ന സെന്ററാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമപരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിങ്ങ് സേവനവും ലഭ്യമാണ്. വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ കൗൺസിലിങ്ങ് പിന്തുണയും നൽകുന്നു. വിവിധ സർക്കാർ, സർക്കാരിതര വകുപ്പുകളും ഏജൻസികളുമായും സംയോജിച്ചാണ് സ്നേഹിത പ്രവർത്തനങ്ങൾ നടത്തുന്നത്.

## മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റ്മാർ (എം.ഇ.സി സംവിധാനം)

സംരംഭകർക്ക് ആവശ്യമായ സാങ്കേതിക-വൈദഗ്ധ്യ സഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ പിന്തുണാ സംവിധാനമാണ് മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റ്മാർ (എം.ഇ.സി.). സംരംഭ സാധ്യത കണ്ടെത്തൽ, പ്രോജക്ട് തയ്യാറാക്കൽ, സംരംഭം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ സഹായം നൽകൽ തുടങ്ങി സംരംഭ വികസനം മുതൽ വിപണി കണ്ടെത്തലും ഉൽപ്പന്ന വൈവിധ്യവത്ക്കരണം ഉൾപ്പെടെ സംരംഭങ്ങൾക്കാവശ്യമായ സാങ്കേതിക-ഭരണപരമായ പിന്തുണകൾ നൽകാൻ പാകത്തിൽ മികച്ച പരിശീലനങ്ങൾ നൽകിയാണ് എം.ഇ.സി.മാരെ നിയോഗിച്ചിട്ടുള്ളത്.

# സാമ്പത്തിക പിന്തുണകൾ

## മാച്ചിംഗ് ഗ്രാന്റ്

ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും അയൽക്കൂട്ടത്തിന് കുടുംബശ്രീ വഴി നൽകുന്ന പ്രോത്സാഹന തുകയാണ് മാച്ചിംഗ് ഗ്രാന്റ്. ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിന്റെ 10% പരമാവധി 5,000 രൂപ മാച്ചിംഗ് ഗ്രാന്റായി നൽകുന്നു. 50% മോ അതിൽ കൂടുതലോ എസ്.സി/എസ്.റ്റി അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗ് പാസായാൽ ലിങ്കേജ് വായ്പയുടെ അഭാവത്തിലും മാച്ചിംഗ് ഗ്രാന്റ് നൽകാം.

## റിവോൾവിംഗ് ഫണ്ട്

അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനായി നൽകുന്ന സാമ്പത്തിക സഹായമാണ് റിവോൾവിംഗ് ഫണ്ട്. പരമാവധി 15,000 രൂപയാണ് റിവോൾവിംഗ് ഫണ്ടായി നൽകുന്നത്. ആരംഭിച്ച് മൂന്നുമാസം കഴിഞ്ഞ 75% അംഗങ്ങൾ എങ്കിലും ബി.പി.എൽ കുടുംബങ്ങളിൽ നിന്നുള്ളവർക്കാണ് മേൽ ആനുകൂല്യം ലഭ്യമാക്കുന്നത്.

## വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്

അയൽക്കൂട്ടങ്ങൾ നേരിടുന്ന ആകസ്മിക പ്രശ്നങ്ങൾ നേരിടാൻ

അടിയന്തര സഹായമെന്ന നിലയ്ക്ക് എ.ഡി.എസ് മുഖാന്തരം നൽകുന്ന ഫണ്ടാണ് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്. അയൽക്കൂട്ടത്തിന് പരമാവധി 15,000 രൂപ.

എഡിഎസിന് ലഭിക്കുന്ന ഫണ്ടിന്റെ 25% ഗ്രാന്റായി നൽകാവുന്നതാണ്. സംഭാവനകൾ കണ്ടെത്തി എ.ഡി.എസ്സിന് വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് വർധിപ്പിക്കുന്നതാണ്.

## സാമൂഹ്യ സുരക്ഷ കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന

കേരളത്തിലെ 48 ലക്ഷത്തോളം വരുന്ന അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ ഒൻപത് മുതൽ 12 ക്ലാസുവരെ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി.

പ്രായപരിധി – 160 രൂപ 51 മുതൽ 75 വയസ്സുവരെ
പ്രീമിയം – 180 രൂപ (18 മുതൽ 50 വയസ്സുവരെ)

## പദ്ധതിയുടെ നേട്ടങ്ങൾ

| പ്രായം | സ്വാഭാവിക മരണം | അപകടമരണം |
|---|---|---|
| 18–50 | 2 00 000 | 4 00 000 |
| 51–59 | 50 000 | 50 000 |
| 60–65 | 9 000 | 9 000 |
| 66–70 | 6 000 | 6 000 |
| 71–76 | 4 000 | 4 000 |

സ്ഥിരമായ അംഗവൈകല്യം 2,00,000
ഭാഗികമായ അംഗവൈകല്യം 1,00,000

## റിസർജന്റ് കേരള ലോൺ സ്കീം

2018 ആഗസ്റ്റിലുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കി ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും, ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബശ്രീ അംഗത്തിന് 1,00,000/- രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് റിസർജന്റ് കേരള ലോൺ സ്കീം.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ

കോവിഡ് ഒന്നാം തരംഗം നേരിടാൻ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. 2019 ൽ കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക് ഡൗൺ മൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തു സാധാരണക്കാർക്ക് അടിയന്തര വായ്പാ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. ഒരു അയൽക്കൂട്ടത്തിന് പരമാവധി നാലുലക്ഷം രൂപവരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി.

## ജീവൻ ദീപം ഇൻഷുറൻസ്

കുടുംബശ്രീയും, സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റും, എൽ.ഐ.സിയും ചേർന്ന് ലൈവ് ലിങ്കേജ് വായ്പയുള്ള എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും നടപ്പിലാക്കി വരുന്ന നൂതന ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പദ്ധതിപ്രകാരം 18 വയസ്സ് മുതൽ 75 വയസ്സ് വരെയുള്ള കുടുംബശ്രീ അംഗങ്ങൾക്ക് പദ്ധതിയിൽ ചേരാം. ഈ പദ്ധതിയിൽ ഉൾപ്പെട്ട അയൽക്കൂട്ട അംഗങ്ങൾക്ക് മരണം സംഭവിച്ചാൽ പദ്ധതി പ്രകാരം അനുവദനീയമായ ഇൻഷുറൻസ് തുകയിൽ നിന്നും അയൽക്കൂട്ട വായ്പാ തിരിച്ചടവ് ഉണ്ടെങ്കിൽ തുക അയൽക്കൂട്ടത്തിന് അക്കൗണ്ടിലേക്ക് നൽകുകയും ബാക്കി തുക അംഗത്തിന്റെ അവകാശികൾക്കു ലഭിക്കുന്നതാണ്. 345 രൂപയാണ് വാർഷിക പ്രീമിയം.

## മുറ്റത്തെ മുല്ല

വട്ടിപ്പലിശക്കാരിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി 2018 ൽ സഹകരണ ബാങ്കുമായി ചേർന്ന് പാലക്കാട് ജില്ലയിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെ ബാങ്ക് 9% പലിശയ്ക്ക് അയൽക്കൂട്ടത്തിന് നൽകുകയും, അയൽക്കൂട്ടം 12% പലിശയ്ക്ക് വ്യക്തികൾക്ക് നൽകുകയും ചെയ്യുന്നു.

## കെ.എസ്.ബി.സി.ഡി.സി ബൾക്ക് ലോൺ

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ് വഴി നൽകിവരുന്ന മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി 2009 ലാണ് ആരംഭിച്ചത്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത് ഒരു സി.ഡി.എസിന് രണ്ട് കോടി രൂപ വരെ നൽകുന്നു.

**ക്രിയേറ്റീവ് സപ്പോർട്ട് : രേഷ്മാകൃഷ്ണൻ. ആർ**



# അഭിമാനദീപ്തം 25 വർഷം

*സാമ്പത്തികവും സാമൂഹികവുമായ വളർച്ചയിലൂടെ സ്ത്രീശാക്തീകരണം എന്ന മഹനീയ ലക്ഷ്യം കൈവരിക്കുന്നതിൽ ശ്രദ്ധേയമുന്നേറ്റം സാധ്യമാക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്*



**പി. ഐ ശ്രീവിദ്യ ഐ.എ.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ദാരിദ്ര്യനിർമാർജ്ജന, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുമായി കേരളത്തിന്റെ ഭൂമികയിൽ കുടുംബശ്രീ കാൽ നൂറ്റാണ്ടിന്റെ നിറവിലേക്ക് കടക്കുകയാണ്. ഇക്കഴിഞ്ഞ മെയ് 17ന് കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന അഭിമാനകരമായ ചടങ്ങിന് കേരളം സാക്ഷ്യം വഹിച്ചു. 45.85 ലക്ഷം വനിതകൾ അംഗങ്ങളായ മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളും ഈ അയൽക്കൂട്ടങ്ങൾ ഉൾപ്പെട്ട 19,470 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും (എ.ഡി.എസ്) ഈ എ.ഡി.എസുകൾ ഉൾപ്പെട്ട 1070 കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളും (സി.ഡി.എസ്) ചേർന്ന ത്രിതല സംഘടനാ സംവിധാനമാണ് കുടുംബശ്രീയുടേത്. ഈ ബൃഹത് ശൃംഖലയുടെ കരുത്തിൽ ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീകൂട്ടായ്മയായി മാറാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

വികസനവഴിയിലെ ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നായ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുകയും സ്ത്രീശാക്തീകരണം സാധ്യമാക്കുകയുമെന്ന വലിയ ലക്ഷ്യവുമായാണ് 1998 മേയ് 17ന് കുടുംബശ്രീ രൂപീകൃതമായത്. അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ വരുമാനം നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനും പ്രാപ്തരാക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് കുടുംബശ്രീ ഇതിനായി ഏറ്റെടുത്തത്. ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിലൂടെ സ്ത്രീശാക്തീകരണം എന്ന മഹനീയ ലക്ഷ്യം അതിന്റെ സമഗ്രതയിൽ കൈവരിക്കുന്നതിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീക്ക് ശക്തമായ യുവനിരയെ കൂടി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ 19,000ലേറെ ആക്സിലറി ഗ്രൂപ്പുകളും ഈ വലിയ ഉത്തരവാദിത്വം ഏറ്റെടുത്തു കഴിഞ്ഞു.

## സാമ്പത്തിക ശാക്തീകരണം

സ്ത്രീശാക്തീകരണം കൈവരിക്കുന്നതിനുള്ള ഏറ്റവും മികച്ച ഉപാധിയെന്ന നിലയ്ക്ക് സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കം മുതൽ കുടുംബശ്രീ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. പ്രാദേശിക വിഭവശേഷിയും വനിതകളുടെ തൊഴിൽ വൈദഗ്ധ്യശേഷിയും പ്രയോജന പ്പെടുത്തി സ്വയംതൊഴിൽ-വേതനാധിഷ്ഠിത തൊഴിലുകളിലേക്ക് അവരെ കൈപിടിച്ചു നടത്തുകയും വരുമാനലഭ്യത ഉറപ്പാക്കുകയുമാണ് ചെയ്തുവരുന്നത്. ഈ മേഖലയിലെ അനുഭവപാഠങ്ങളും നേട്ടങ്ങളും സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം നേടിക്കൊടുക്കുന്നതിനുമൊപ്പം സൂക്ഷ്മസംരംഭ മേഖലയെ ശക്തിപ്പെടുത്താനും കുടുംബശ്രീ പ്രയോജനപ്പെടുത്തുന്നു. തങ്ങളുടെ അറിവിനും തൊഴിൽ വൈദഗ്ധ്യശേഷിക്കും പ്രാദേശികമായ വിഭവലഭ്യതക്കുമനുസരിച്ച് തുടങ്ങിയ ചെറുകിട സംരംഭങ്ങളിലൂടെ നൂറുകണക്കിന് വനിതകളാണ് ഈ മേഖലയിൽ ചുവടുറപ്പിച്ചു നിൽക്കുന്നത്. കൂടാതെ മറ്റ് വേതനാധിഷ്ഠിത തൊഴിലുകളിൽ ഏർപ്പെട്ട് മാന്യമായ വരുമാനം നേടുന്ന അനേകം സ്ത്രീകളുമുണ്ട്.

## സംരംഭങ്ങൾ

ഉൽപ്പാദന, സേവനമേഖലകളിൽ വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിലൂടെ സുസ്ഥിര വരുമാന ലഭ്യത ഉറപ്പു വരുത്തുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനപ്രക്രിയ ത്വരിതപ്പെടുത്തുന്നതിലും ഈ പെൺകൂട്ടായ്മ വലിയ പങ്കു വഹിക്കുന്നു. ഇന്ന് കുടുംബശ്രീ മുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നത് 93,146 സൂക്ഷ്മസംരംഭങ്ങളാണ്. രണ്ടു ലക്ഷത്തോളം വനിതകൾ ഇതിൽ അംഗങ്ങളുമാണ്. ഇതോടൊപ്പം കുടുംബശ്രീയുടെ വിവിധ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികളുടെ ഭാഗമായി 79683 പേർക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്വയംതൊഴിൽ മേഖലയിലേക്ക് കടന്നുവരുന്ന വനിതകൾക്ക് കഴിവിനും അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായ സംരംഭങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതു കൂടാതെ പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, നൈപുണ്യവികസന പരിശീലനം, സംരംഭകത്വ കൺസൾട്ടൻസി, പരിശീലന ഏജൻസികളുടെ പിന്തുണ, സാമ്പത്തിക പിന്തുണ



എന്നിവ ലഭ്യമാക്കി അവർക്ക് ആത്മവിശ്വാസവും പ്രോത്സാഹനവും നൽകുന്നു.

മാറുന്ന കാലത്തിനും ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കും വിപണി സ്വഭാവത്തിനും അനുസൃതമായി സൂക്ഷ്മസംരംഭ മേഖലയെ നവീകരിക്കുന്നതിനും വൈവിധ്യമാർന്ന സംരംഭങ്ങൾ ആരംഭിക്കാൻ ഈ സ്ത്രീകൂട്ടായ്മയെ പ്രാപ്തമാക്കുന്നതിനും കുടുംബശ്രീ പ്രത്യേക ശ്രദ്ധ നൽകുന്നു. ഇതിന്റെ ഭാഗമായി ഗ്രാമനഗര ഭേദമന്യേ, സാധ്യമായ എല്ലാ മേഖലകളിലും സൃഷ്ടിക്കപ്പെടുന്ന പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ബോധപൂർവവും ഫലപ്രദവുമായ ഇടപെടൽ കുടുംബശ്രീ നടത്തിവരുന്നുണ്ട്. ഭക്ഷ്യോൽപ്പാദനം എന്നതിൽ മാത്രം ഒതുങ്ങാതെ മൂല്യവർധിത ഉൽപ്പന്ന നിർമാണം, ഭക്ഷ്യസംസ്കരണം എന്നിങ്ങനെ കൂടുതൽ തൊഴിൽ വൈദഗ്ധ്യവും സാങ്കേതികമികവും മുതൽമുടക്കും ആവശ്യമായി വരുന്ന സംരംഭമേഖലകളിലും അയൽക്കൂട്ട വനിതകൾ ഇന്ന് ശക്തമായ സാന്നിധ്യമാണ്. ഇതര വകുപ്പുകളുടെയോ ഏജൻസികളുടെയോ ആവശ്യകതയ്ക്കനുസരിച്ച് സേവന മേഖലയിലും കുടുംബശ്രീ വനിതകൾക്ക് തൊഴിൽ അവസരങ്ങളൊരുക്കുന്നു. ഇതു പ്രകാരം വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള സംയോജനം വഴി നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. മോട്ടോർ വെഹിക്കിൾ വകുപ്പുമായി ചേർന്ന് 51 ഇ-സേവാ കേന്ദ്രങ്ങൾ, വിവിധ സർക്കാർ വകുപ്പുകളിലും ഓഫീസുകളിലായി 84 കുടുംബശ്രീ കാന്റീനുകൾ എന്നിവ അവയിൽ ചിലതു മാത്രം.

**ഇന്ന് കുടുംബശ്രീ മുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നത് 93,146 സൂക്ഷ്മസംരംഭങ്ങളാണ്. രണ്ടു ലക്ഷത്തോളം വനിതകൾ ഇതിൽ അംഗങ്ങളുമാണ്**

## വിപണിയിലേക്ക്

കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും വരുമാന ലഭ്യതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത രീതികൾ തുടരുന്നതു കൂടാതെ ഓൺലൈൻ വിപണന രംഗത്തെ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. കുടുംബശ്രീ ബസാർഡോട്ട്കോം (kudumbashreebazaar.com) കൂടാതെ ആമസോൺ സഹേലി, ഫ്ളിപ്കാർട്ട് എന്നിവയിലൂടെയും ഉൽപ്പന്ന വിപണനം ഊർജിതപ്പെടുത്തുന്നു. അയൽക്കൂട്ട വനിതകളുടെ ഭൗതിക ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും സൂക്ഷ്മസംരഭ മേഖലയിലെ പ്രവർത്തനങ്ങളാണ്.

കാർഷിക മൃഗസംരക്ഷണ മേഖലയിലും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിൽ കുടുംബശ്രീ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. ഭക്ഷ്യസുരക്ഷയും ഭക്ഷ്യസ്വയം പര്യാപ്തതയും കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ കാർഷിക മേഖലയിൽ നടപ്പാക്കുന്ന പ്രത്യേക ഉപജീവന പദ്ധതിയിൽ ഇന്ന് 73168 കർഷക സംഘങ്ങളും അതിൽ 3,31,207 വനിത അംഗങ്ങളുമുണ്ട്. മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കുന്ന ആട് ഗ്രാമം,



ക്ഷീരസാഗരം. കേരള ചിക്കൻ പദ്ധതികൾ വഴിയും സാധാരണക്കാരായ സ്ത്രീകളെ വരുമാനം നേടാനും സ്വന്തം കാലിൽ നിൽക്കാനും പ്രാപ്തരാക്കുന്നു.

## സാമൂഹിക സുരക്ഷ

പാർശ്വവൽക്കരിക്കപ്പെട്ടവർ, അഗതികൾ, നിരാലംബർ, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി കുടുംബശ്രീ മുഖേന സാമൂഹിക സുരക്ഷാ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അഗതികുടുംബങ്ങളുടെ അതിജീവന, ഉപജീവന, മാനസിക ആവശ്യങ്ങൾ ലഭ്യമാക്കി അവർക്ക് കരുതലും സുരക്ഷയും ഒരുക്കുന്നതിനായി നടപ്പാക്കുന്ന അഗതിരഹിത കേരളം പദ്ധതിയാണ് അതിൽ ഏറ്റവും ശ്രദ്ധേയം. തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതി സംസ്ഥാനത്ത് 1,53,881 അഗതി കുടുംബങ്ങൾക്ക് താങ്ങും തണലുമാകുന്നു. കൂടാതെ മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി നടപ്പാക്കുന്ന 177 ബഡ്സ് സ്കൂളുകൾ, സമാന വെല്ലുവിളികൾ നേരിടുന്ന 18 വയസിനു മുകളിലുള്ളവരുടെ പകൽപരിപാലനത്തിനായി നടത്തി വരുന്ന 165 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ 342 ബഡ്സ് സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീ തണലൊരുക്കുന്നു.

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ത്രീകൾക്ക് അവരുടെ വ്യക്തിത്വത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി പദ്ധതികളും കുടുംബശ്രീ നടത്തിവരുന്നു. സ്ത്രീ പദവി സ്വയംപഠന പ്രക്രിയ, അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി 14 ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, പ്രാദേശികതലത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി 19,117 വിജിലന്റ് ഗ്രൂപ്പുകൾ, 729 ജെൻഡർ റിസോഴ്സ് സെന്ററുകൾ, 140 മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ, 120 ജെൻഡർ ക്ലബ്ബുകൾ, 360 കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവ ഉൾപ്പെടെ വളരെ വിപുലമായ സംവിധാനങ്ങൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനായി ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ നടപ്പാക്കുന്നുണ്ട്.

ഇന്ന് ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കി അവിടുത്തെ ദരിദ്രവനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും കുടുംബശ്രീ അഭയകേന്ദ്രമാവുകയാണ്. സാമ്പത്തിക സ്വാശ്രയത്വത്തിനൊപ്പം മറ്റുള്ളവർക്ക് പ്രചോദനമാകാനും ഇന്ന് സാധാരണക്കാരായ ഈ സ്ത്രീകൾക്ക് കഴിയുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. ഒപ്പം സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ പ്രകടമായ ദൃശ്യത കൈവരിക്കുന്നതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ സ്ത്രീകളെ പ്രാപ്തരാക്കിയതിന്റെ പിന്നിലും കുടുംബശ്രീയുടെ ഇതുവരെയുള്ള പ്രവർത്തനാനുഭവങ്ങളുടെ കരുത്തുണ്ട് എന്നത് അഭിമാനകരമാണ്. കേരളീയ സ്ത്രീജീവിതത്തെ കൂടുതൽ പ്രകാശഭരിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ് കുടുംബശ്രീ. ■



# തുടർച്ചയാകേണ്ട നവീകരണം

*സ്വയം പര്യാപ്തമായ ജീവിതത്തിലേക്കുള്ള പടവുകൾ ഉറപ്പാക്കിയ സ്ത്രീകളുടെ അധ്വാനത്തിന്റെ കാൽ നൂറ്റാണ്ടാണ് കുടുംബശ്രീയുടെ 25 വർഷങ്ങൾ. ഒറ്റയ്ക്ക് അധ്വാനിച്ചും കൂട്ടായി നേടിയും വീട്ടമ്മമാർ കേരളത്തിലെ സാമൂഹിക ഘടനയെ കൂടുതൽ കരുത്തുള്ളതാക്കി. ആ അധ്വാനത്തിന്റെ ബലമാണ് ഭാവി വികസനത്തിനുള്ള നമ്മുടെ വനിതകളുടെ മികച്ച നിക്ഷേപം. അതിൽ തന്നെയാണ് കുടുംബശ്രീയുടെ ഭാവിയും കോർത്തിണക്കിയിരിക്കുന്നത്.*



**എസ്. ഹരികിഷോർ ഐ.എ.എസ്**
കുടുംബശ്രീ മുൻ ഡയറക്ടർ

മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷത്തോളം വനിതകൾക്കു കുടുംബശ്രീ തണലൊരുക്കുന്നുണ്ട്. 15 ഓളം പേരുള്ളതാണ് ഓരോ അയൽക്കൂട്ടങ്ങളും.അതിലെ ഓരോ വനിതയും ഓരോ കുടുംബത്തിന്റെ പ്രതിനിധിയാണ്. അങ്ങിനെ വരുമ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ പകുതിയിലധികം കുടുംബങ്ങളും കുടുംബശ്രീയെന്ന തണൽ മരത്തിനു ചുറ്റിലുമായി നിൽക്കുന്നു എന്നതാണ് യാഥാർഥ്യം.

മികച്ച സാമൂഹിക ഘടനയുള്ള സംവിധാനമാണ് കാൽ നൂറ്റാണ്ടു തികയ്ക്കുന്ന കുടുംബശ്രീ പ്രസ്ഥാനം.

കുടുംബത്തിന്റെ വരവു ചെലവ് കണക്കുകൾ നോക്കി പരിശീലനം സിദ്ധിച്ചവരുടെ കൂട്ടായ്മയായതിനാൽ സാമ്പത്തിക അച്ചടക്കവും കൃത്യതയും കുടുബശ്രീയിലെ എല്ലാ പ്രവർത്തനങ്ങളിലും പ്രകടമാണ്. അതുകൊണ്ടുതന്നെയാണ് അയൽക്കൂട്ടങ്ങൾ എന്ന സംവിധാനത്തിൽ മൈക്രോ ഫിനാൻസിങ് പ്രധാനമാകുന്നത്.14 ഉം 15 ഉം പേരടങ്ങുന്ന ഓരോ



യൂണിറ്റുകളിലെയും സ്ത്രീകൾ ജാതി മത ഭേദമെന്യേ ആഴ്ച തോറും യോഗം ചേരുന്നു. തങ്ങളുടെ ലഘുസമ്പാദ്യങ്ങൾ ചേർത്തുവയ്ക്കുന്നു. ആ നിക്ഷേപത്തിന്മേൽ ലഭിക്കുന്ന വായ്പ ഉപയോഗിച്ച് അവർ കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ചെറിയ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മറ്റുള്ളവരുടെ മുന്നിൽ പണത്തിനായി കൈനീട്ടേണ്ട അവസ്ഥക്കാണ് ഈ കൂട്ടായ്മയിലൂടെ സ്ത്രീകൾ പരിഹാരം കണ്ടെത്തിയത്.

ഓരോ അയൽക്കൂട്ടത്തിനും ഇപ്പോൾ ശരാശരി വായ്പയായി ഏകദേശം നാലരലക്ഷത്തോളം രൂപയാണ് ലഭിക്കുന്നത്. മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങൾക്ക് നാലരലക്ഷം വീതം ഇത്രയും തുക വിനിമയം ചെയ്യപ്പെടുമ്പോൾ സ്ത്രീകളുടെ അധ്വാനത്തിനും സേവനത്തിനും കൂടുതൽ മൂല്യം കിട്ടുന്ന തരത്തിൽ മൈക്രോഫിനാൻസ് പദ്ധതി മെച്ചപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട് .അതിനായി പലതലത്തിലുമുള്ള ചുവടുവയ്പ്പുകളാണ് കാൽ നൂറ്റാണ്ടിനിടെ കുടുംബശ്രീ നടത്തിയത്. സ്വന്തം നിലയിൽ ബാങ്ക് എന്ന ആശയം മുതൽ നാല് ശതമാനം പലിശയ്ക്ക് ബാങ്കിൽ നിന്നും പണം കടമെടുക്കൽ വരെ അതിൽ ഉൾപ്പെട്ടിരുന്നു. ഈ രംഗത്ത് കാര്യമായ മാറ്റങ്ങൾ ഇപ്പോഴും ഫലവത്തായിട്ടില്ല. അതുകൊണ്ടുതന്നെ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾക്കൊപ്പം കുടുംബശ്രീയുടെ മൈക്രോ ഫിനാൻസ് പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

## ഉപജീവനവും സംരംഭങ്ങളും

ഉപജീവനമാണ് ഏവർക്കും പ്രധാനം. അതുകൊണ്ടാകണം, നിലനില്പിനും വളർച്ചയ്ക്കും അന്തസ്സുറ്റ വിജയത്തിനുമെല്ലാം സാമ്പത്തിക ശാക്തീകരണം വേണമെന്ന അടിസ്ഥാനതത്വത്തെ ആധാരമാക്കി സംരംഭങ്ങളിലൂടെയുള്ള മുന്നേറ്റത്തിനാണ് കുടുംബശ്രീ വനിതകൾ തുടക്കമിട്ടത്. അറിവും കഴിവും പരിചയവും കൂട്ടിയിണക്കി ചെറിയ ചെറിയ സംരംഭങ്ങളാണ് ആദ്യ കാലത്ത് കൂട്ടായ്മയിലെ അംഗങ്ങൾ യാഥാർഥ്യമാക്കിയത്. 12 ലക്ഷത്തോളം അംഗങ്ങളിലാണ് സംരംഭകപ്രവർത്തനം എത്തിനിൽക്കുന്നത് അതിൽ ഭൂരിപക്ഷവും കൃഷി, മൃഗപരിപാലനം ഉൾപ്പെടെയുള്ള ഉപജീവനമേഖലകളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ജനകീയ ഹോട്ടൽ, തയ്യൽ പോലുള്ള ചെറിയ സംരംഭങ്ങളിലും സജീവ പങ്കാളിത്തമുണ്ട്.

എന്നാൽ 45 ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങളിൽ 12 ലക്ഷം പേർ മാത്രമാണ് ഉപജീവനത്തിനായി സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത് എന്നത് ഈ രംഗത്തെ വളർച്ചയുടെ തോതിനെയാണ് കാണിക്കുന്നത്. അതുകൊണ്ടുതന്നെ കുടുംബശ്രീയിലെ എല്ലാ അംഗങ്ങളും തൊഴിൽ കണ്ടെത്തുന്ന തരത്തിലേക്കോ വരുമാനക്കാരാകുന്ന തരത്തിലേക്കോ ഉപജീവനപദ്ധതികളുടെ എണ്ണം വർധിപ്പിക്കണം എന്നതാകണം അടുത്ത ഘട്ടം.

കുടുംബശ്രീ ഉൽപ്പന്നങ്ങളെല്ലാം മൈക്രോ സംരംഭങ്ങളാണ്. സൂക്ഷ്മസംരംഭങ്ങൾക്ക് വിറ്റുവരവ് വളരെ കുറവായിരിക്കും. അതായത് അഞ്ചു ലക്ഷത്തിൽ കുറവായിരിക്കും നിക്ഷേപം. ആയതിനാൽ  ചെറു, ഇടത്തരം സംരംഭങ്ങളിലേക്ക് ഇവയെ





കൈപിടിച്ചുയർത്താൻ വേണ്ടുന്ന കാര്യങ്ങളും ഈ ഘട്ടത്തിൽ ഗൗരവമായി ചിന്തിക്കണം. അത്തരം കാര്യങ്ങൾക്കു ആവശ്യമായ കൺസൾട്ടൻസി സംവിധാനം ഒരുക്കാനും സാധിക്കണം.

പഞ്ചായത്ത് രാജ് സംവിധാനവുമായിട്ടുള്ള സഹകരണവും സംയോജനവും അടിസ്ഥാനമാക്കിയാണ് കുടുംബശ്രീ തന്നെ വിഭാവനം ചെയ്തിരിക്കുന്നത്. കുടുംബശ്രീയുടെ ഉയർന്ന തലം എന്നുപറയുന്നത് തന്നെ പഞ്ചായത്താണ്. സിഡിഎസ് പഞ്ചായത്തിനും എഡിഎസ് വാർഡിനും അയൽക്കൂട്ടം  ഗ്രാമസഭയ്ക്കും തുല്യമായി പഞ്ചായത്ത് രാജ് സംവിധാനമായിട്ടുള്ള സമ്പൂർണ സംയോജനത്തിലാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. കുടുംബശ്രീ അംഗങ്ങൾ പഞ്ചായത്തിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നു. പഞ്ചായത്തുകൾ അവ വിശകലനം ചെയ്ത് വേണ്ട സഹായങ്ങൾ നൽകുന്നു. ചില പദ്ധതികൾ കുടുംബശ്രീ സ്വന്തം നിലയിൽ തന്നെ യാഥാർഥ്യമാക്കുന്നു. ഈ കൊടുക്കൽ വാങ്ങൽ പ്രക്രിയയാണ് ഭാവിയിൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടത്. പ്രാദേശിക ആവശ്യങ്ങൾ അറിയിക്കാനുള്ള ഒരു ഡിമാന്റിങ് ഏജൻസിയായി കുടുംബശ്രീ മാറുകയും പഞ്ചായത്തിലെ പദ്ധതികൾക്ക്  പ്രാധാന്യം നൽകുന്ന പ്രക്രിയ ശക്തിപ്പെടുത്തുകയും വേണം.

300 കോടിയോളം രൂപയാണ് കുടുംബശ്രീ പ്രോജക്റ്റുകൾക്ക് പഞ്ചായത്തുകൾ നൽകിവരുന്നത്. അത് പ്രാദേശികവിപണിക്കും സംരംഭങ്ങൾക്കും വേണ്ടി അനുഗുണമായ രീതിയിൽ, വികേന്ദ്രീകരിക്കുമ്പോൾ കേരളത്തിലെ സാമൂഹിക, സാമ്പത്തിക രംഗത്ത്





മാറ്റമുണ്ടാകും. അതും അടുത്ത ഘട്ടത്തിൽ ലക്ഷ്യമിടേണ്ട പ്രവർത്തനമാകണം.

## സാമൂഹിക ശാക്തീകരണം

കുടുംബശ്രീയിലൂടെ സ്ത്രീകൾക്ക് സ്വയം അറിയാനും കൂടുതൽ ശാക്തീകരണം നേടാനും സാധിച്ചിട്ടുണ്ട്. അതിനൊപ്പം സ്ത്രീകൾക്ക് രാഷ്ട്രീയ ശാക്തീകരണം കൂടി ലഭിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം അയൽക്കൂട്ടങ്ങളിലായി നേതൃപദവിയിൽ ആറ് ലക്ഷം പേരാണുള്ളത്. എല്ലാ വാർഡിലുമുള്ള എഡിഎസിലും, സിഡിഎസിനും ലീഡർമാരുണ്ട്. ഇവരുടെ കഴിവുകൾക്കുള്ള അംഗീകാരമെന്ന നിലയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്നുണ്ട്. തുല്യത ഉറപ്പുവരുത്തുന്നതിന് കുറെയധികം പരിശീലനങ്ങളും ബോധവത്കരണങ്ങളും കൂടി ഈ കാര്യത്തിൽ നമുക്ക് ചെയ്യേണ്ടതായിട്ടുണ്ട്. നമ്മൾ എപ്പോഴും സ്ത്രീകൾക്കാണ് പരിശീലനം കൊടുക്കുന്നത്. സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ട് അവർ വീട്ടിൽ പോയി പഴയ സ്ഥിതിയിലേക്ക് മാറുന്ന സാഹചര്യം ഉണ്ട്. അതിനാൽ കുടുംബം എന്നത് ഒരു യൂണിറ്റായി എടുത്തുകൊണ്ട് അവിടെ പരിശീലനം കൊടുക്കാൻ പദ്ധതികളുണ്ടാവണം. അതിലൂടെയുള്ള സാമൂഹിക ശാക്തീകരണം അടുത്ത ഘട്ടത്തിൽ അനിവാര്യമാണ്.

നടപ്പിലാക്കിവരുന്ന മറ്റൊന്ന് യുവജനങ്ങളുടെ പങ്കാളിത്തമാണ്. കുടുംബശ്രീയുടെ ശരാശരി പ്രായം 45 ഉം അതിനു മുകളിലുമാണ്. തുടങ്ങിയിട്ട് 25 വർഷമായതിനാൽ അന്ന് 20 ആയിരുന്നവർക്ക് ഇപ്പോൾ 45 വയസായിരിക്കുകയാണ്. ഒരു കുടുംബത്തിൽ നിന്ന് ഒരു സ്ത്രീക്ക് മാത്രമേ അംഗമാകാൻ സാധിക്കൂ എന്നതിനാൽ സ്വാഭാവികമായും കുടുംബശ്രീ അംഗമായ മാതാവിന്റെ പ്രായം തന്നെയാകും ആ യൂണിറ്റിന്റെയും പഴക്കം നിശ്ചയിക്കുക. അതുകൊണ്ടുതന്നെ പുതിയ തലമുറയിൽ പെട്ട സ്ത്രീകളെക്കൂടി ഉൾകൊള്ളുന്ന നിലയിലേക്ക് കുടുംബശ്രീയുടെ ഘടനയിൽ മാറ്റം വരേണ്ടതുണ്ട്. എന്നാൽ അംഗത്വം കൂട്ടാൻ കഴിയില്ല എന്നതിനാൽ 20000 വാർഡുകളിലും ആക്സിലറി ഗ്രൂപ്പുകൾ (സഹായക ഗ്രൂപ്പുകൾ) സ്ഥാപിച്ച് 40 വയസ്സിൽ താഴെയുള്ള ആളുകൾക്ക് ഒരു കൂട്ടായ്മ രൂപീകരിച്ച് അവർക്ക് ഉപജീവനത്തിലേക്ക് കടക്കുന്നതിനുള്ള നടപടികളാണ് അഭികാമ്യം. അതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വേഗമാണ് കുടുംബശ്രീയുടെ ഭാവി നിശ്ചയിക്കുന്നത്.

## അനുഭവസമ്പത്ത് ദേശാന്തരങ്ങളിലേക്ക്

ദേശാന്തരങ്ങൾ കടന്ന പ്രശസ്തിയാണ് കാൽ നൂറ്റാണ്ടിലെ കുടുംബശ്രീയുടെ അംഗീകാരം. 20 സംസ്ഥാനങ്ങളുമായി പല കാര്യങ്ങളിലും കുടുംബശ്രീ കരാർ ഒപ്പു വച്ചിട്ടുണ്ട്. ഇവിടെ കേരളത്തിലെ സ്ത്രീകൾ മാതൃകാ ഗ്രൂപ്പുകളുണ്ടാക്കുകയും പിന്തുണ നൽകിയും സ്ത്രീ ശാക്തീകരണത്തിന്റെ കേരളീയമാതൃക സൃഷ്ടിക്കുകയാണ്. സൂക്ഷ്മ സംരംഭങ്ങൾ. അതായത് ഉപജീവനമാർഗം കണ്ടെത്താൻ ചെറിയ സംരംഭം തുടങ്ങാൻ സ്ത്രീകളെ പ്രേരിപ്പിക്കുകയും അയൽക്കൂട്ടങ്ങളുടെ മാതൃകയിൽ കൂട്ടായ്മ ഗ്രൂപ്പുണ്ടാക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനമാണ് ബീഹാറിലും ഉത്തർപ്രദേശിലും നാഗാലാൻഡിലും ആസാമിലും ഒക്കെ കുടുംബശ്രീക്കു അംഗീകാരം നേടിക്കൊടുക്കുന്നത്.

അന്തർദേശീയതലത്തിൽ കെനിയ താജിക്കിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ, ആഫ്രിക്ക എന്നിവിടങ്ങളിൽ എത്തിനിൽക്കുന്നതാണ് നമ്മുടെ സ്ത്രീകൂട്ടായ്മയുടെ ഖ്യാതി. ഇന്ത്യയിലും മറ്റു ദേശങ്ങളിലും ദാരിദ്ര്യനിർമാർജ്ജനത്തിനും സ്ത്രീശാക്തീകരണത്തിനും വേണ്ടിയുള്ള പ്രോജക്റ്റുകൾ തയ്യാറാക്കി അവരെ സഹായിക്കാനുള്ള കൺസൾട്ടൻസി പ്രാഗത്ഭ്യം കുടുംബശ്രീക്കുണ്ട്. ഈ അംഗീകാരങ്ങളുടെ നിറവിൽ നിന്നുവേണം ഭാവി പ്രവർത്തനങ്ങൾക്കായി പദ്ധതികൾ രൂപീകരിക്കേണ്ടത്.

## സാമൂഹിക വികസനം

ഇന്ത്യയിൽ ഏറ്റവും കുറവ് ദരിദ്രരുള്ള (.71) സംസ്ഥാനമാണ് കേരളം. 64006 പേരാണ് അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ഒറ്റയ്ക്കു താമസിക്കുന്ന, സേവനം ആവശ്യമുള്ള ആളുകളുടെ പട്ടിക യിൽ ഏകദേശം 50,000 ത്തോളമുണ്ട്. അവരെ സഹായിക്കാനുള്ള പദ്ധതികൾ അനിവാര്യമാകുകയാണ്. അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള സർവേ പൂർത്തിയാക്കിയിരിക്കാൻ സാധിച്ചിട്ടുണ്ട്. അതിൽ ഗുണഭോക്താക്കളാകേണ്ടവരെ കണ്ടെത്തിയും അതിദരിദ്രരായവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചും ദാരിദ്ര്യനിർമാർജനത്തിന്റെ പുതിയ ഭാവുകങ്ങൾ നെയ്തെടുക്കാൻ കുടുംബശ്രീക്ക് കഴിയണം. അതിലൂടെ കുടുംബത്തിന്റെ നട്ടെല്ലായ വനിതകൾക്ക് യശ്ശസ്സിലേക്കുള്ള പുതിയ പാത തെളിയട്ടെ. ■

# മുടങ്ങാതെ ക്ഷേമപെൻഷനുകൾ
# അനന്യമായ മാതൃക



**കെ.എൻ. ബാലഗോപാൽ**
ധനകാര്യ മന്ത്രി

എല്ലാ മാസവും ഒരു തടസ്സവും കൂടാതെ സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വിതരണം ചെയ്ത് അനന്യമായ മാതൃക തീർക്കുന്ന നാടായി കേരളം മാറുകയാണ്. 56.1 ലക്ഷം ആളുകൾക്ക് ഏകദേശം 900 കോടി രൂപ യാണ് ഓരോ മാസവും സർക്കാർ വിതരണം ചെയ്യുന്നത്. 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ - ക്ഷേമനിധി ബോർഡ് പെൻഷൻ തുകയായ 3200 രൂപ വിഷു-ഈസ്റ്റർ പ്രമാണിച്ച് ഒരുമിച്ച് വിതരണം ചെയ്യാനായത് ഈ രംഗത്തെ സർക്കാരിന്റെ ഇച്ഛാശക്തിയും കരുതലും ആവർത്തിച്ചു വെളിപ്പെടുത്തുന്നു.

ഓണം, വിഷു പോലുള്ള ഉത്സവദിനങ്ങളിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ കൈയിലും പണലഭ്യത ഉറപ്പാക്കാൻ സാമൂഹ്യ സുരക്ഷാ പെൻഷൻ മുൻകൂറായി നൽകി വരികയാണ്.

കഴിഞ്ഞ ഓണം ദിനങ്ങളിൽ ജനങ്ങളുടെ കൈയിൽ പണം എത്തിക്കേണ്ടത് അനിവാര്യമായി. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി സമൂഹത്തെയാകെ ബാധിച്ച സമയമായിരുന്നു. ദരിദ്ര ജനവിഭാഗങ്ങളിലാണ് പ്രതിസന്ധി ഏറ്റവും കനത്ത ആഘാതം ഏൽപ്പിച്ചത്. ഇക്കാര്യം കണക്കിലെടുത്ത് ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ ക്ഷേമ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്തു. 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ - ക്ഷേമനിധി ബോർഡ് പെൻഷൻ തുകയായ 3200 രൂപ വിഷു-ഈസ്റ്റർ പ്രമാണിച്ച് ഒരുമിച്ച് വിതരണം ചെയ്തു.

വിഷുക്കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുവേണ്ടി 1537.88 കോടി രൂപയും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിനായി 208.55 കോടി രൂപയുമാണ് അനുവദിച്ചത്. ആകെ 56.1 ലക്ഷം ആളുകൾക്കായി 1746.43 കോടി രൂപ വിതരണം ചെയ്തു.

## ഒരു മാസം നൽകുന്നത് 845.49 കോടി രൂപ

2021 ആഗസ്റ്റിലെ മാസത്തെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ഒരു മാസത്തെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിനായി 740.94 കോടി രൂപയും, സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണത്തിനായി 103.94 കോടി രൂപയും ആവശ്യമുണ്ട്. ഇതിനു പുറമെ, കായിക യുവജനക്ഷേമ വകുപ്പു മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവ നൽകുന്നതിനായി 0.16കോടി രൂപ യും, സാംസ്കാരിക വകുപ്പു മുഖേന കലാകാര പെൻഷൻ 0.43 കോടി രൂപയും, ചലച്ചിത്ര അക്കാദമി വിതരണം ചെയ്യുന്ന അവശകലാകാര പെൻഷൻ നൽകുന്നതിന് 0.02 കോടി രൂപയും ചേർത്ത് ആകെ 845.49 കോടി രൂപ ചെലവാകും. ഒരു വർഷത്തെ ചെലവ് 10,146 കോടി രൂപ വരും.

## കുടിശിക ഇല്ലാതായി

2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യസുരക്ഷ പെൻഷൻ കുടിശിക 1473.67 കോടി രൂപയും, ക്ഷേമനിധി ബോർഡ് കുടിശിക 260.35 കോടി രൂപയും ഉൾപ്പെടെ ആകെ 1734.02 കോടി രൂപ യായിരുന്നു കുടിശിക.

ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 41,32,826 ആയിരുന്നു. ഒന്നാം പിണറായി സർക്കാർ പുതുതായി 1,42,997 ഗുണഭോക്താക്കളെ കൂടി സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ ചേർത്തതോടെ ആകെ ഗുണഭോക്താക്കളുടെ എണ്ണം 55,62,802 ആയി. ഈ കാലയളവിൽ സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ 27,317.08 കോടി രൂപയും, ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ 4067. 15 കോടി രൂപയും ചേർത്ത് 31,384.23 കോടി രൂപ ചെലവാക്കി. എന്നാൽ 2011-16 സർക്കാരിന്റെ കാലത്ത് ചെലവായത് വെറും 9311.22 കോടി രൂപ മാത്രമാണ്.


2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക പ്രതിമാസം 600 രൂപയിൽ നിന്നും 2016 ജൂൺ മുതൽ 1000 രൂപ ആയി ഉയർത്തി. പിന്നീടത് 1600 രൂപയാക്കി വർധിപ്പിച്ചു. അതിനോടൊപ്പം ഈ തുകകൾ നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന പദ്ധതിയും നടപ്പിലാക്കി. 2011-16 സർക്കാരിന്റെ കാലത്ത് പന്ത്രണ്ട് മാസത്തോളം കുടിശികയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശിക തീർത്ത് വിതരണം ചെയ്യാനായതും ശ്രദ്ധേയമായ നേട്ടമാണ്. ■





# ഒഴുകട്ടെ നദികൾ തെളിനീരുമായ്

**ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനായി തെളിനീരൊഴുകും നവകേരളം പദ്ധതി**





**കെ.ടി. ബാലഭാസ്കരൻ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

വർധിച്ചു വരുന്ന ഉപഭോഗ സംസ്കാരത്തിൽ പ്രധാന പ്രശ്നങ്ങളിലൊന്നാണ് മാലിന്യം. കേരളം പോലെ ജനസാന്ദ്രത കൂടിയ സംസ്ഥാനത്തിൽ മാലിന്യ നിർമാർജനത്തിന് ശാസ്ത്രീയവും ജനകീയവുമായ മാതൃകകൾ രൂപപ്പെടണം. ജലാശയ സമ്പന്നമായ നമ്മുടെ സംസ്ഥാനത്ത് വലിച്ചെറിയുന്ന മാലിന്യങ്ങളിൽ വലിയൊരു ശതമാനവും ഒടുവിലെത്തിച്ചേരുന്നത് ജലത്തിലാണ്. ജലസ്രോതസ്സുകളെല്ലാം ഇന്ന് മലിനീകരിക്കപ്പെടുകയാണ്. ശുദ്ധജലക്ഷാമം രൂക്ഷമാകുകയും കുടിവെള്ളത്തിൽ ജലജന്യ രോഗത്തിന് കാരണമായ കോളിഫോം ബാക്ടീരിയ അടക്കമുള്ളവയുടെ സാന്നിദ്ധ്യം തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യ നിക്ഷേപത്താലും കക്കൂസ്, രാസമാലിന്യങ്ങളാലും നമ്മുടെ ജലസ്രോതസ്സുകളുടെ അവസ്ഥ പരിതാപകരമാണ്.

മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേക്ക് വലിച്ചെറിയുന്ന മലയാളികളുടെ മനോഭാവം ഈ അവസ്ഥയ്ക്ക് ആക്കംകൂട്ടിക്കൊണ്ടിരിക്കുന്നു. ഒട്ടുമിക്ക ജലസ്രോതസ്സുകളും സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട നിലയിലാണ്. മാലിന്യമടിയുന്നത് വിവിധതരം ജലജന്യരോഗങ്ങൾക്കും ശുദ്ധജല ദൗർലഭ്യത്തിനും വരെ കാരണമാകുന്നുണ്ട്. ഭാവി തലമുറയ്ക്ക് വേണ്ടി നമ്മുടെ കായലുകളും നദികളുമൊക്കെ കാത്തു സൂക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ 'തെളിനീരൊഴുകും നവകേരളം' പദ്ധതിക്ക് തുടക്കമിട്ടത്.

നവകേരളം കർമ്മ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നതിനായി ആരംഭിച്ച 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പൊതു ക്യാമ്പയിനിന് അനുബന്ധമായിട്ടാണ് 'തെളിനീരൊഴുകും നവകേരളം' പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ശാസ്ത്രീയ ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കുന്നതും അത്തരം ഇടങ്ങളിൽ വീണ്ടും മാലിന്യനിക്ഷേപം ഉണ്ടാകാതിരിക്കാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഒരുക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. ഇതിനായി ജില്ലാതല ഏകോപന സമിതി അംഗങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, റിസോഴ്സ് പേഴ്സൺമാർ, എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലും റിസോഴ്സ് ടീം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർക്കായി ഓൺലൈൻ / ഓഫ് ലൈൻ ഓറിയന്റേഷൻ ക്ലാസുകളും സംഘടിപ്പിക്കുന്നു. ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ, മലിനീകരണകാരികളായ ഉറവിടങ്ങൾ എന്നിവ ജലനടത്തത്തിന്റെ ഭാഗമായി കണ്ടെത്തുന്നതിനും അവ രേഖപ്പെടുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിത കേരളം മിഷൻ ജലസംരക്ഷണ ഉപമിഷൻ, തൊഴിലുറപ്പുപദ്ധതി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെയും കണ്ടെത്തിയിട്ടുണ്ട്.

പ്രസ്തുത സംഘത്തോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ എൻ.എസ്.എസ്, എൻ.സി.സി., എസ്.പി.സി., നെഹ്റു യുവകേന്ദ്ര, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്, കോളേജ് വിദ്യാർത്ഥികൾ എന്നിവരെയും ഉദ്യോഗസ്ഥരേയും കൂട്ടിച്ചേർത്ത് വാർഡ് തല ടീം രൂപീകരിച്ചു. ഓരോ വാർഡിലെയും ജലസ്രോതസ്സുകൾ ഭൗമ വിവര വ്യവസ്ഥ സംവിധാനത്തിൽ കൃത്യമായി അടയാളപ്പെടുത്തുന്നതിനും ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധനയിലൂടെ കണ്ടെത്തി രേഖപ്പെടുത്തുന്നതിനും മലിനീകരണ ഉറവിടങ്ങൾ കണ്ടെത്തി അവയെ മാപ്പ് ചെയ്യുന്നതിനുമായുള്ള തെളിനീർ എന്ന മൊബൈൽ ആപ്ലിക്കേഷൻ, വെബ് ആപ്ലിക്കേഷൻ എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു ജി.ഐ. എസ് സോഫ്റ്റ്വെയറും തയ്യാറാക്കിയിട്ടുണ്ട്. ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, ജലവിഭവ വകുപ്പ്, ആരോഗ്യ വകുപ്പ്, കില, ക്ലീൻ കേരള കമ്പനി തുടങ്ങിയ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പദ്ധതിയെ ഏകോപിപ്പിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതിക്ക് ചുക്കാൻ പിടിക്കുന്നത്. 14 ജില്ലകളിലും പ്രവർത്തിക്കുന്ന മീഡിയ സെൽ വഴി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ യഥാസമയം വിലയിരുത്താനും

മാർഗനിർദേശം നൽകാനും സാധിക്കുന്നു.

## നീരു നമ്മുടെ ഭാഗ്യ ചിഹ്നം

നീരു എന്ന നീർനായയാണ് പദ്ധതിയുടെ ഭാഗ്യ ചിഹ്നം. ശുദ്ധ ജലത്തിൽ മാത്രം ജീവിക്കാൻ സാധിക്കുന്ന ഒരു ജീവിയാണ് നീർനായ. പണ്ട്, തട്ടും തടവും ഇല്ലാതെ ഒഴുകിയിരുന്ന നദികളിൽ, മുഖം കണ്ണാടി പോലെ കാണാൻ പറ്റിയിരുന്ന പുഴകളിലൊക്കെ നീരുവും കൂട്ടുകാരും ആർത്തുല്ലസിച്ചു. പക്ഷേ, ചപ്പും ചവറും പ്ലാസ്റ്റിക്കും ഒഴുകി നടക്കുന്ന വെള്ളത്തിൽ വസിക്കാൻ ആവാതെ ബുദ്ധിമുട്ടുന്നവരാണ് ഇവർ ഇന്ന്. സ്വന്തം തിരക്കുകളിൽ മാത്രം മുഴുകി ജീവിക്കുമ്പോൾ നമ്മൾ ചിന്തിക്കുന്നില്ല നമ്മളെ പോലെ തന്നെ ഭൂമിയുടെ അവകാശികളായ ഇവരുടെ കാര്യം. ഇവർക്കും കൂടെ വേണ്ടി ആണ് തെളിനീരൊഴുകും നവകേരളം പദ്ധതി വിഭാവന ചെയ്തത്.

## ജലസമിതി

പ്രവർത്തനങ്ങളുടെ വിജയത്തിന് ജനകീയ പിന്തുണ ലഭ്യമാക്കുന്നതിന് ഉള്ള ആസൂത്രണം ആണ് ജലസമിതികളുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ/ സ്ഥാപന തല ഏകോപനവും ജലസമിതികളിലൂടെ സാധ്യമാകുന്നു.

**ഓരോ വാർഡിലെയും നദികൾ, നീർച്ചാലുകൾ, തോടുകൾ, ഓടകൾ, കാനകൾ എന്നിവയിലെ മലിനീകരണം തിട്ടപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് തലത്തിൽ നടത്തുന്ന പ്രവർത്തനമാണ് ജലനടത്തം**

## ജല നടത്തം

ഓരോ വാർഡിലെയും നദികൾ, നീർച്ചാലുകൾ, തോടുകൾ, ഓടകൾ, കാനകൾ എന്നിവയിലെ മലിനീകരണം തിട്ടപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് തലത്തിൽ നടത്തുന്ന പ്രവർത്തനമാണ് ജലനടത്തം. ജലസ്രോതസ്സുകൾക്ക് സമീപത്തു കൂടി സമിതി അംഗങ്ങൾ സന്ദർശനം നടത്തി ജലസ്രോതസ്സുകളുടെ മലിനീകരണസ്ഥിതി വിലയിരുത്തും.

## ജലസഭ

ജലനടത്തത്തിനു ശേഷം തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി അന്നേ ദിവസം തന്നെ ജല സ്രോതസ്സുകൾക്ക് സമീപം ജലസഭ ചേരാറുണ്ട്. ജലനടത്തത്തിലൂടെ കണ്ടെത്തിയ മലിനീകരണ ഉറവിടങ്ങൾ തിട്ടപ്പെടുത്തുന്നതും ഡേറ്റാ ഷീറ്റിൽ രേഖപ്പെടുത്തുന്നതും ഇതിൽ ഉൾപ്പെടുന്നു.

## വില്ലൻ കോളിഫോം ബാക്ടീരിയ


ജല സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിലൂടെ ജലജന്യ രോഗങ്ങൾ ഒരു തുടർക്കഥയാകുന്നു. ജല ഗുണ നിലവാരം പരിശോധിക്കാനും ഉറപ്പ് വരുത്താനും ബാക്ടീരിയോളജിക്കൽ ടെസ്റ്റ് ഉപയോഗിച്ച് ഗുണനിലവാര പരിശോധന നടത്തി, കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം തിരിച്ചറിയും. സാമ്പിൾ ശേഖരണത്തിന് 24 മണിക്കൂറിനുശേഷം ജലത്തിന് കറുപ്പ് നിറമായാൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം സ്ഥിരീകരിക്കാം. ഈ വിവരം GIS സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തും.

പഞ്ചായത്ത് തലത്തിൽ, ഓരോ വാർഡിലെയും സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ അറിയാവുന്ന ഒരു മേറ്റ് വീതവും മുൻസിപ്പാലിറ്റി കോർപറേഷൻ തലത്തിൽ ഓരോ വാർഡിലെയും ഒരു കുടുംബശ്രീ എ ടി എസും ജല ഗുണ നിലവാര പരിശോധനയ്ക്ക് മുഖ്യ പങ്കാളിത്തം വഹിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ മേൽനോട്ടത്തിൽ ആണ് ഈ പ്രവർത്തനങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ പ്രവർത്തനങ്ങളോടൊപ്പം കലാ, സാഹിത്യ, സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള നിരവധിപേർ പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ചു രംഗത്തെത്തുന്നുണ്ട്. പദ്ധതിയുടെ പ്രവർത്തനരീതിയും ലക്ഷ്യങ്ങളും പ്രാദേശികതലത്തിൽ എത്തിക്കാനുള്ള പരിശീലനവും ശുഭപ്രതീക്ഷ ഇരട്ടിപ്പിക്കുന്നു. ■




കുടുംബശ്രീ
നാടിന്റെ രജതശ്രീ
സംഘടിത സ്ത്രീ മുന്നേറ്റത്തിന്റെ ഉജ്ജ്വല മാതൃക
25
വർഷങ്ങൾ
45.85ലക്ഷം അംഗങ്ങൾ

Date of Publication: 01.05.2022
RNI No.2014/58028 Price: 12.00




Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS